# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ഊർങ്ങാട്ടിരി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505

ഇ-മെയിൽ: dompm.ksad@kerala.gov.in

ഫോൺ : 0483-2734951

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.എം.പി.എം.6/1620/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505
തീയ്യതി: 03/11/2021
ഇ-മെയിൽ:
dompm.ksad@kerala.gov.in
ഫോൺ: 0483-2734951

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ഊർങ്ങാട്ടിരി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ഊർങ്ങാട്ടിരി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഊർങ്ങാട്ടിരി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.എം.പി.എം.6/1620/2021 തീയ്യതി: 03/11/2021

## മലപ്പുറം ജില്ലയിലെ ഊർങ്ങാട്ടിരി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ ഊർങ്ങാട്ടിരി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 19-12-2019 മുതൽ 21-09-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 18 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 7 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.ഉണ്ണിപൂതംകുറ്റി | ഡെപ്യൂട്ടി ഡയറക്ടർ | 22-09-2021 | 08-10-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 22-09-2021 | 08-10-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

1. ശ്രീ.അബ്ദുള്ള.എ.സി (ഓഡിറ്റ് ഓഫീസർ. ഹ.ഗ്രേ)
2. ശ്രീ.മുഹമ്മദ് ഫസലുറഹ്മാൻ (അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ)
3. ശ്രീ.റഷീദ്.വി (സീനിയർ ഗ്രേഡ് ഓഡിറ്റർ)
4. ശ്രീ.മുഹമ്മദ് നൗഷാദ്.എ.കെ (ഓഡിറ്റർ)

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.എൻ.കെ.ഷൗക്കത്തലി | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| ശ്രീമതി.രജനി.പി | സെക്രട്ടറി | 01-04-2019 | 14-07-2019 |
| ശ്രീമതി.രജനി.പി | സെക്രട്ടറി | 14-08-2019 | 07-01-2020 |
| ശ്രീമതി.രജനി.പി | സെക്രട്ടറി | 01-02-2020 | 31-03-2020 |
| ശ്രീ.രതീഷ് കുമാർ.എസ് | സെക്രട്ടറി | 15-07-2019 | 13-08-2019 |
| ശ്രീ.രതീഷ് കുമാർ.എസ് | സെക്രട്ടറി | 08-01-2020 | 31-01-2020 |

നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.രജനി.പി | സെക്രട്ടറി | 01-04-2019 | 14-07-2019 |
| ശ്രീമതി.രജനി.പി | സെക്രട്ടറി | 14-08-2019 | 07-01-2020 |
| ശ്രീമതി.രജനി.പി | സെക്രട്ടറി | 01-02-2020 | 31-03-2020 |
| ശ്രീമതി.ജമീല മുംതാസ്.പി | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2019 | 31-03-2020 |
| ശ്രീ.രതീഷ്.വി.വി | വി.ഇ.ഒ | 01-04-2019 | 31-03-2020 |
| ശ്രീമതി.മഹീദ.പി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2019 | 31-03-2020 |
| ശ്രീ.നജ്മുദ്ധീൻ.ടി | കൃഷി ഓഫീസർ | 01-04-2019 | 30-05-2019 |
| ശ്രീ.സുബൈർ ബാബു.കെ | കൃഷി ഓഫീസർ | 31-05-2019 | 15-11-2019 |
| ശ്രീമതി.റൈഹാനത്ത്.യു | കൃഷി ഓഫീസർ | 16-11-2019 | 31-03-2020 |
| ഡോ.അബൂബക്കർ.എൻ | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 01-04-2019 | 18-04-2019 |
| ഡോ.സലീം | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 19-04-2019 | 31-03-2020 |
| ഡോ.മൂസ്സ.കെ.കെ | മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 01-04-2019 | 31-03-2020 |
| ശ്രീമതി.ജോളി ജോസഫ് | ഹെഡ്മാസ്റ്റർ | 01-04-2019 | 31-03-2020 |
| ശ്രീമതി.സജിനി.ഒ | ഡയറി എക്സ്റ്റൻഷൻ | 01-04-2019 | 31-03-2020 |

| | | | |
|---|---|---|---|
| | ഓഫീസർ | | |
| ഡോ.ഫൗസിയ.പി.എം പാലക്കാപറമ്പിൽ | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2019 | 30-05-2019 |
| ഡോ.ബിന്ദു.കെ | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 31-05-2019 | 31-03-2020 |
| ഡോ.ഇന്ദു.കെ | വെറ്ററനറി സർജൻ | 01-04-2019 | 06-08-2019 |
| ഡോ.മിഥുൻ.യു.സി | വെറ്ററനറി സർജൻ | 07-08-2019 | 24-10-2019 |
| ഡോ.സന്ധ്യ.ടി.പി | വെറ്ററനറി സർജൻ | 25-10-2019 | 29-11-2019 |
| ഡോ.ഗ്രെയ്സ്.എം.ആർ | വെറ്ററനറി സർജൻ | 30-11-2019 | 31-03-2020 |
| ശ്രീ.രതീഷ് കുമാർ.എസ് | സെക്രട്ടറി | 15-07-2019 | 13-08-2019 |
| ശ്രീ.രതീഷ് കുമാർ.എസ് | സെക്രട്ടറി | 08-01-2020 | 31-01-2020 |
| ശ്രീ.രതീഷ് കുമാർ.എസ് | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2019 | 31-03-2020 |

ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്.<br>Written By: Mohammed Noushad A K (Auditor, On 06-10-2021)<br>Last Updated By: Mohammed Noushad A K (Auditor, On 08-10-2021) | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക.<br>Written By: Mohammed Noushad A K (Auditor, On 06-10-2021)<br>Last Updated By: Mohammed Noushad A K (Auditor, On 06-10-2021) | 1-2 |
| 3 | സാമ്പത്തിക വിശകലനം.<br>Written By: Mohammed Noushad A K (Auditor, On 06-10-2021)<br>Last Updated By: Mohammed Noushad A K (Auditor, On 06-10-2021) | 1-3 |
| 4 | ഫണ്ട് വിനിയോഗം<br>Written By: Mohammed Noushad A K (Auditor, On 07-10-2021)<br>Last Updated By: Unni.P (Deputy Director, On 30-10-2021) | 1-4 |
| 5 | പദ്ധതി അവലോകനം<br>Written By: Mohammed Noushad A K (Auditor, On 08-10-2021)<br>Last Updated By: Mohammed Noushad A K (Auditor, On 08-10-2021) | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി<br>Written By: Muhammed Fasalurahman (Asst. Audit Officer, On 10-10-2021)<br>Last Updated By: Unni.P (Deputy Director, On 30-10-2021) | 1-6 |
| 7 | വിവിധ ക്ഷേമ പദ്ധതികൾ.<br>Written By: Mohammed Noushad A K (Auditor, On 08-10-2021)<br>Last Updated By: Mohammed Noushad A K (Auditor, On 08-10-2021) | 1-7 |
| 8 | ക്യാഷ് വെരിഫിക്കേഷൻ.<br>Written By: Mohammed Noushad A K (Auditor, On 08-10-2021)<br>Last Updated By: Mohammed Noushad A K (Auditor, On 08-10-2021) | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം<br>Written By: A.C.Abdulla (Audit Officer, On 08-10-2021)<br>Last Updated By: Unni.P (Deputy Director, On 30-10-2021) | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം.<br>Written By: Mohammed Noushad A K (Auditor, On 08-10-2021)<br>Last Updated By: Unni.P (Deputy Director, On 30-10-2021) | 1-10 |
| 11 | വാർഷികകണക്ക് പരിശോധന - അപാകതകൾ<br>Written By: Mohammed Noushad A K (Auditor, On 08-10-2021)<br>Last Updated By: Unni.P (Deputy Director, On 30-10-2021) | 1-11 |
| 12 | 1996 ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും, വ്യാപാരങ്ങൾക്കും, സംരംഭക പ്രവർത്തനങ്ങൾക്കും, മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) - ലൈസൻസ് അനുവദിച്ചതിലെ അപാകതകൾ.<br>Written By: Rasheed V (Senior Grade Auditor, On 08-10-2021)<br>Last Updated By: Unni.P (Deputy Director, On 30-10-2021) | 1-12 |
| 13 | തൊഴിൽ നികുതി ഈടാക്കിയില്ല/രജിസ്റ്റർ പൂർണ്ണമല്ല<br>Written By: Mohammed Noushad A K (Auditor, On 08-10-2021)<br>Last Updated By: Unni.P (Deputy Director, On 30-10-2021) | 1-13 |
| 14 | അംഗീകൃത ക്ലബുകൾക്ക് /ലൈബ്രറികൾക്ക് പത്രം നൽകൽ പദ്ധതി-അപാകതകൾ<br>Written By: Mohammed Noushad A K (Auditor, On 08-10-2021)<br>Last Updated By: Unni.P (Deputy Director, On 30-10-2021) | 1-14 |
| 15 | സമഗ്ര വിദ്യാഭ്യാസ പരിപാടി-പുസ്തക വിതരണ വിവരം ലഭ്യമാക്കിയില്ല<br>Written By: Mohammed Noushad A K (Auditor, On 08-10-2021)<br>Last Updated By: Unni.P (Deputy Director, On 30-10-2021) | 1-15 |
| 16 | കേര ഗ്രാമം - തെങ്ങിന് ജൈവവളം നൽകൽ എന്ന പദ്ധതി | 1-16 |

| | | |
|---|---|---|
| | നിർവ്വഹണത്തിലെ അപാകതകൾ.<br>Written By: Rasheed V (Senior Grade Auditor, On 08-10-2021)<br>Last Updated By: Unni.P (Deputy Director, On 30-10-2021) | |
| 17 | പാലിന് സബ്സിഡി - പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ.<br>Written By: Rasheed V (Senior Grade Auditor, On 08-10-2021)<br>Last Updated By: Rasheed V (Senior Grade Auditor, On 10-10-2021) | 1-17 |
| 18 | പട്ടികജാതി കുടുംബങ്ങൾക്ക് വാട്ടർ ടാങ്ക് വാങ്ങി നൽകൽ - പ്ലാൻ ഫണ്ടിൽ നിന്നും 22500/- രൂപ അധികം ചെലവഴിച്ചു.<br>Written By: Rasheed V (Senior Grade Auditor, On 08-10-2021)<br>Last Updated By: Unni.P (Deputy Director, On 30-10-2021) | 1-18 |
| 19 | പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് വാട്ടർ ടാങ്ക് വാങ്ങി നൽകൽ - നിർവ്വഹണത്തിലെ അപാകതകൾ.<br>Written By: Rasheed V (Senior Grade Auditor, On 09-10-2021)<br>Last Updated By: Unni.P (Deputy Director, On 30-10-2021) | 1-19 |
| 20 | പട്ടികജാതി കുടുംബങ്ങളിലെ പെൺകുട്ടികളുടെ വിവാഹത്തിന് ധനസഹായം - പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ.<br>Written By: Rasheed V (Senior Grade Auditor, On 09-10-2021)<br>Last Updated By: Rasheed V (Senior Grade Auditor, On 09-10-2021) | 1-20 |
| 21 | പട്ടികജാതി വിഭാഗത്തിൽപെട്ട യുവജന ഗ്രൂപ്പുകൾക്ക് വാദ്യോപകരണങ്ങൾ - ഉപകരണങ്ങൾ വിതരണം ചെയ്തിട്ടില്ല.<br>Written By: Rasheed V (Senior Grade Auditor, On 09-10-2021)<br>Last Updated By: Rasheed V (Senior Grade Auditor, On 10-10-2021) | 1-21 |
| 22 | ബഡ്സ് സ്കൂൾ - ഫർണിച്ചറും അനുബന്ധ ഉപകരണങ്ങളും - നമ്പർ രേഖപ്പെടുത്തി സ്റ്റോക്കിലെടുത്തില്ല.<br>Written By: Rasheed V (Senior Grade Auditor, On 09-10-2021)<br>Last Updated By: Unni.P (Deputy Director, On 30-10-2021) | 1-22 |
| 23 | പൊതു മരാമത്ത് പ്രവൃത്തികൾ - അപാകതകൾ<br>Written By: Muhammed Fasalurahman (Asst. Audit Officer, On 10-10-2021)<br>Last Updated By: Unni.P (Deputy Director, On 30-10-2021) | 1-23 |
| 24 | പി.ഡബ്ല്യൂ.ഡി മാന്വൽ നിർദേശങ്ങൾ പാലിക്കുന്നില്ല.<br>Written By: Muhammed Fasalurahman (Asst. Audit Officer, On 10-10-2021)<br>Last Updated By: Unni.P (Deputy Director, On 30-10-2021) | 1-24 |
| 25 | നിർമാണ തൊഴിലാളി ക്ഷേമനിധി വിഹിതം - കളക്ഷൻ ചാർജ്ജ് കുറവ് ചെയ്തിട്ടില്ല.<br>Written By: Muhammed Fasalurahman (Asst. Audit Officer, On 10-10-2021)<br>Last Updated By: Unni.P (Deputy Director, On 30-10-2021) | 1-25 |
| 26 | ടെണ്ടർ തുറക്കൽ - ചട്ടത്തിലെ നിർദ്ദേശങ്ങൾ പാലിക്കുന്നില്ല.<br>Written By: Muhammed Fasalurahman (Asst. Audit Officer, On 10-10-2021)<br>Last Updated By: Unni.P (Deputy Director, On 30-10-2021) | 1-26 |
| 27 | കിണറിന് നെറ്റ് - അധികം നൽകിയ തുക തിരിച്ചടച്ചു.<br>Written By: Muhammed Fasalurahman (Asst. Audit Officer, On 10-10-2021)<br>Last Updated By: Unni.P (Deputy Director, On 30-10-2021) | 1-27 |
| 28 | കമ്പ്യൂട്ടർ സപ്ലൈ ചെയ്തിട്ടില്ല.<br>Written By: Muhammed Fasalurahman (Asst. Audit Officer, On 10-10-2021)<br>Last Updated By: Unni.P (Deputy Director, On 30-10-2021) | 1-28 |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| 1 | പട്ടികജാതി കുടുംബങ്ങൾക്ക് വാട്ടർ ടാങ്ക് വാങ്ങി നൽകൽ - പ്ലാൻ ഫണ്ടിൽ നിന്നും 22500/- രൂപ അധികം ചെലവഴിച്ചു. | 3-1 |

| | | |
|---|---|---|
| | Written By: Rasheed V (Senior Grade Auditor, On 09-10-2021)<br>Last Updated By: Unni.P (Deputy Director, On 30-10-2021) | |
| **ഭാഗം 4** | | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.<br>Written By: Mohammed Noushad A K (Auditor, On 08-10-2021)<br>Last Updated By: Unni.P (Deputy Director, On 30-10-2021) | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം.<br>Written By: Mohammed Noushad A K (Auditor, On 28-09-2021)<br>Last Updated By: Mohammed Noushad A K (Auditor, On 01-10-2021) | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ .<br>Written By: Mohammed Noushad A K (Auditor, On 28-09-2021)<br>Last Updated By: Mohammed Noushad A K (Auditor, On 28-09-2021) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ.<br>Written By: Mohammed Noushad A K (Auditor, On 28-09-2021)<br>Last Updated By: Mohammed Noushad A K (Auditor, On 28-09-2021) | 4-4 |
| 5 | വായ്പ /വായ്പ തിരിച്ചടവ്.<br>Written By: Mohammed Noushad A K (Auditor, On 01-10-2021)<br>Last Updated By: Mohammed Noushad A K (Auditor, On 01-10-2021) | 4-5 |
| 6 | സ്ഥിര നിക്ഷേപങ്ങൾ.<br>Written By: Mohammed Noushad A K (Auditor, On 28-09-2021)<br>Last Updated By: Mohammed Noushad A K (Auditor, On 28-09-2021) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി.<br>Written By: Mohammed Noushad A K (Auditor, On 28-09-2021)<br>Last Updated By: Unni.P (Deputy Director, On 30-10-2021) | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.<br>Written By: Mohammed Noushad A K (Auditor, On 01-10-2021)<br>Last Updated By: Mohammed Noushad A K (Auditor, On 01-10-2021) | 4-8 |
| 9 | ചാർജ് സർചാർജ് നടപടികളുടെ വിവരം.<br>Written By: Rasheed V (Senior Grade Auditor, On 09-10-2021)<br>Last Updated By: Mohammed Noushad A K (Auditor, On 10-10-2021) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം.<br>Written By: Mohammed Noushad A K (Auditor, On 01-10-2021)<br>Last Updated By: Unni.P (Deputy Director, On 30-10-2021) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ.<br>Written By: Mohammed Noushad A K (Auditor, On 01-10-2021)<br>Last Updated By: Mohammed Noushad A K (Auditor, On 01-10-2021) | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |

# ഭാഗം -1

## 1-1 ബജറ്റ്.

| 2019-20 ലെ ബജറ്റ് പാസ്സാക്കിയ നമ്പർ/തിയ്യതി | ( പുതുക്കിയത് ) തീരുമാന നം./തിയ്യതി |
|---|---|
| 1(1) / 04.02.2019 | 1(2) / 25.03.2020 |

ബജറ്റ് - രേഖകൾ ഹാജരാക്കിയില്ല

1994-കേരള രാജ് ആക്ട് വകുപ്പ് 214 ഉപ വകുപ്പ് (1) പ്രകാരം സർക്കാർ അതാത് സമയം പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾക്കും നിർണ്ണയിക്കപ്പെടുന്ന ചട്ടങ്ങൾക്കും വിധേയമായി വാർഷിക ബജറ്റ് തയ്യാറാക്കേണ്ടതാണ്. 04.02.2019 ലെ 1(1) നമ്പർ തീരുമാന പ്രകാരം ബജറ്റ് അംഗീകരിച്ചിട്ടുണ്ട്. 2019-20 സാമ്പത്തിക വർഷത്തെ ബജറ്റ് രൂപീകരണം സംബന്ധിച്ച താഴെപറയുന്ന രേഖകൾ ഹാജരാക്കിയില്ല.

1.വിവിധ സ്ഥാപനങ്ങളിലെ തലവൻമാർ സമർപ്പിച്ച Annexure 1&2 പ്രകാരമുള്ള ബജറ്റ് പ്രൊപ്പോസൽ

2.പഞ്ചായത്ത് ഓഫീസിന്റെ പ്രൊപ്പോസൽ Annexure 3&4 പ്രകാരം സെക്രട്ടറി തയ്യാറാക്കിയത്

3. ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റികൾ ബജറ്റ് നിർദ്ദേശങ്ങൾ തയ്യാറാക്കി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് സമർപ്പിച്ചത് Annexure 5.1&5.2

4.ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ബജറ്റിന്റെ വാർഷിക റിവ്യൂ നടത്തി ഇതു സംബന്ധിച്ച് പഞ്ചായത്ത് കമ്മിറ്റിക്ക് നൽകിയ റിപ്പോർട്ട് .

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31 .07.2020 | 03.06.2020 | ബാധകമല്ല. | ബാധകമല്ല. |

## 1-3 സാമ്പത്തിക വിശകലനം.

| | |
|---|---|
| മുന്നിരിപ്പ് | 48968081.71 |
| വരവ് | 128890294 |
| ആകെ | 177858375.71 |
| ചെലവ് | 129181187 |
| നീക്കിയിരിപ്പ് | 48677188.71 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 0 | 28140943 | 28140943 | 12941007 | 0 |
| വികസനഫണ്ട് (എസ്.സി.പി.) | 0 | 9573295 | 9573295 | 5043803 | 0 |
| വികസനഫണ്ട് (ടി.എസ്.പി.) | 0 | 2437256 | 2437256 | 1076250 | 0 |
| സംരക്ഷണഗ്രാന്റ് (റോഡ്) | 0 | 10552000 | 10552000 | 5175827 | 0 |
| സംരക്ഷണഗ്രാന്റ് (റോഡിതരം) | 0 | 6856000 | 6856000 | 4422021 | 0 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 16450055 | 16450055 | 8153584 | 0 |
| സാക്ഷരത | 100706 | 3525 | 104231 | 0 | 104231 |
| ദുരിതാശ്വാസ നിധി | 100 | 0 | 100 | 0 | 100 |

| | | | | | |
|---|---|---|---|---|---|
| ബി ഫണ്ട് | 0 | 28970388 | 28970388 | 28970388 | 0 |
| എം.ജി.എൻ.ആർ.ഇ.ജി.എസ് | 20415 | 29123369 | 29143784 | 28876442 | 267342 |
| എസ്.എസ്.എ | 0 | 0 | 0 | 0 | 0 |
| ട്രഷറി STSB (GPG) | 18092090 | 16386064 | 34478154 | 15244317 | 19233837 |
| TSB ജോയിന്റ് വെഞ്ചർ | 765387 | 1780250 | 2545637 | 1990250 | 555387 |

## 1-5 പദ്ധതി അവലോകനം

2019-20 ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 329 | 118549719 | 119 | 51097502 | 210 | 21 | 36.17 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 20415 | 1678504 | 1698919 | 1431577 | 267342 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | | 27444865 | 27444865 | 27444865 | |

മെറ്റീരിയൽ പ്രവൃത്തികളിലെ അപാകതകൾ.

2019-20 ൽ ഗ്രാമപഞ്ചായത്തിൽ ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി മുഖേന നടപ്പാക്കിയ വിവിധ മെറ്റീരിയൽ പ്രവൃത്തികളുടെ നടത്തിപ്പ് പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

1) NREGS പ്രവൃത്തികൾക്ക് സാധനസാമഗ്രികളുടെ വാങ്ങലും സംഭരണവും വിനിയോഗവും സംബന്ധിച്ച തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 31.03.2012 ലെ സ.ഉ(കൈ) 93/2012 നം ഉത്തരവിലെ നിർദ്ദേശം പൂർണ്ണമായി പാലിക്കാതെയാണ് വാങ്ങൽ നടത്തിയിരിക്കുന്നത്.

അപാകതകൾ താഴെ നൽകുന്നു.

A) പഞ്ചായത്ത് തല പ്രൊക്വയർമെന്റ് കമ്മിറ്റി രൂപീകരിച്ചിട്ടില്ല.- സാധന സാമഗ്രികളുടെ വാങ്ങൽ ,സംഭരണം, വിനിയോഗം, വിദഗ്ദ/അർദ്ധവിദഗ്ദ തൊഴിലാളികളുടെ കൂലി എന്നിവ സുതാര്യവും അഴിമതിരഹിതവുമായി നടപ്പാക്കുന്നതിന് പഞ്ചായത്ത് തലത്തിൽ രൂപീകരിക്കാൻ നിർദേശിക്കപ്പെട്ട പ്രൊക്വയർമെന്റ് കമ്മിറ്റി രൂപീകരിച്ചിട്ടില്ല.

B) സബ് കമ്മിറ്റി - പ്രൊക്വയർമെന്റ് കമ്മിറ്റിയെ സഹായിക്കുന്നതിനായി ഗ്രാമപഞ്ചായത്ത് സെക്രട്ടറി കൺവീനറായി രൂപീകരിക്കേണ്ട സബ്കമ്മിറ്റി രൂപീകരിച്ചിട്ടില്ല.

C)പഞ്ചായത്ത് അംഗീകരിച്ച പ്രവൃത്തികൾക്ക് എസ്റ്റിമേറ്റ് പ്രകാരം ആവശ്യമായ സാധനങ്ങളുടെ വിശദ വിവരം തയ്യാറാക്കി അത് അർദ്ധവാർഷികാടിസ്ഥാനത്തിൽ ക്രോഡീകരിച്ച് നിശ്ചിത ഫോറത്തിൽ പ്രൊക്വയർമെന്റ് കമ്മിറ്റിക്ക് സമർപ്പിക്കേണ്ടതും സബ് കമ്മിറ്റിയുടെ ചുമതലയായിരുന്നു. ഇത്തരം ഒരു നടപടിയും പഞ്ചായത്തിൽ പാലിച്ചിട്ടില്ല.

ഓരോ പ്രവൃത്തിയിലും ആവശ്യമായ സാമഗ്രീകരളുടെ ലിസ്റ്റ് തയ്യാറാക്കി ഓരോ പ്രവൃത്തിക്കും പ്രത്യേകമായി ടെണ്ടർ ക്ഷണിച്ചാണ് പഞ്ചായത്തിൽ സാധന സാമഗ്രികൾ സംഭരിച്ചിട്ടുള്ളത്.

2) വിതരണം ചെയ്യുന്ന സാധനങ്ങൾക്ക് കരാറുകാർ GST ബില്ല് സമർപ്പിച്ചിട്ടില്ല.

3) നിശ്ചിത തുകയിൽ അധികരിക്കുന്ന ബില്ലുകളിൽ നിന്ന് GST TDS ഈടാക്കണമെന്ന നിർദ്ദേശം പാലിച്ചിട്ടില്ല.

4) സപ്ലയർമാർ പഞ്ചായത്തുമായി ചമച്ച കരാർ , മരാമത്ത് പ്രവൃത്തി നടപ്പാക്കുന്നതിനുള്ള മാതൃയിലാണ് ഉള്ളത്. സാധനങ്ങൾ വിതരണം ചെയ്യുന്നതിനുള്ള വിവരങ്ങൾ ഉൾപ്പെടുത്തിയ കരാർ ചമക്കേണ്ടതാണ്.

മേൽ അപാകതകൾ പരിഹരിക്കേണ്ടതാണ്.

## 1-7 വിവിധ ക്ഷേമ പദ്ധതികൾ.

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 320040 | 340 |
| കർഷകതൊഴിലാളി പെൻഷൻ | 4503000 | 754 |
| വിധവാപെൻഷൻ | 8772600 | 1492 |
| വാർദ്ധക്യകാലപെൻഷൻ | 11393100 | 1983 |
| വികലാംഗപെൻഷൻ | 3408800 | 589 |
| വിവാഹ ധന സഹായം | 60000 | 2 |
| 50 വയസ്സിനു മുകളിൽ പ്രായമായ അവിവാഹിതരായ സ്ത്രീകൾക്കുള്ള ധന സഹായം | 174000 | 30 |

## 1-8 ക്യാഷ് വെരിഫിക്കേഷൻ.

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 05.10.2021 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. കളക്ഷൻ തുക അതാത് ദിവസം തന്നെ അടവാക്കിയിരുന്നതിനാൽ പരിശോധനയിൽ ക്യാഷ് ബാലൻസ്/നീക്കിയിരിപ്പ് ഒന്നും തന്നെയില്ല.

## 1-9 ആഭ്യന്തര നിയന്ത്രണം

സ്ഥാപനത്തിന്റെ ആഭ്യന്തര നിയന്ത്രണത്തിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1) ഫ്രണ്ട് ഓഫീസ് ഡിസ്ട്രിബ്യൂഷൻ രജിസ്റ്ററിൽ , തപാലുകൾ കൈപ്പറ്റുമ്പോൾ സെക്ഷനുകൾ തിയതി രേഖപ്പെടുത്തുന്നില്ല.

2) സ്ട്രീറ്റ് ലൈറ്റ് രജിസ്റ്റർ പൂർണ്ണമായും എഴുതി സൂക്ഷിച്ചിട്ടില്ല.

3) വാട്ടർ ടാപ്പ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

4) സ്റ്റോക്ക് രജിസ്റ്റർ ശരിയായ രീതിയിൽ എഴുതി സൂക്ഷിച്ചിട്ടില്ല.

5) തൊഴിൽ നികുതി രജിസ്റ്ററിൽ വിവരങ്ങൾ പൂർണ്ണമായി ചേർത്തിട്ടില്ല.

6) ഹെഡ് മാസ്റ്റർ പ്രൊജക്ട് രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല.

7) രജിസ്റ്ററുകളും രേഖകളും യഥാസമയം സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം.

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 10.08.2021 | 01.09.2020 മുതൽ 31.10.2020 വരെ | 10.08.2021 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 2015 | 2010-11 മുതൽ 2014-15 വരെ | 23-12-2015 |

## 1-11 വാർഷികകണക്ക് പരിശോധന - അപാകതകൾ

ഊർങ്ങാട്ടിരി ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വാർഷികകണക്ക് പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1) തൊഴിൽ നികുതി - ജീവനക്കാർ ഇനത്തിൽ AFS പ്രാകാരം 1378160/- രൂപയും, ട്രേഡേഴ്സ് ഇനത്തിൽ 236290/- രൂപയും ഡിമാന്റ് കളക്ഷനുമുണ്ട്. തൊഴിൽ നികുതി രജിസ്റ്ററിൽ സംക്ഷിപ്തം രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ലാത്തതിനാൽ തുകകളുടെ കൃത്യത ഉറപ്പ് വരുത്താനായിട്ടില്ല.

2) ലൈസൻസ് ഫീസ് ഇനത്തിലെ ഡിമാന്റ്, കളക്ഷൻ തുകകൾ AFS, രജിസ്റ്റർ എന്നിവയിൽ ചുവടെ ചേർത്ത പ്രകാരം വ്യത്യാസപ്പെട്ടിരിക്കുന്നു.(2018-19 AFS B9ഷെഡ്യൂൾ പ്രകാരം 33700 രൂപ അഡ്വാൻസ് കളക്ഷനുണ്ട് )

| ഡിമാന്റ് | | കളക്ഷൻ | |
|---|---|---|---|

| രജിസ്റ്റർ പ്രകാരം | AFS പ്രകാരം | രജിസ്റ്റർ പ്രകാരം | AFS പ്രകാരം |
|---|---|---|---|
| 235500 | 225300 | 235500 | 225300 |

രജിസ്റ്ററിൽ സംക്ഷിപ്തം രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ലാത്തതിനാൽ തുകകളുടെ കൃത്യത ഉറപ്പ് വരുത്താനായിട്ടില്ല.

3) വാർഷിക കണക്ക് പ്രകാരം കെട്ടിട പെർമിറ്റ് ഫീസ് ഇനത്തിൽ 152169/- രൂപയും റഗുലറൈസേഷൻ ഫീസ് ഇനത്തിൽ 197005/-രൂപയും ഡിമാന്റും കളക്ഷനുമുണ്ട്. രജിസ്റ്ററിൽ സംക്ഷിപ്തം രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ലാത്തതിനാൽ തുകകളുടെ കൃത്യത ഉറപ്പ് വരുത്താനായിട്ടില്ല.

4) വാർഷിക കണക്ക് പ്രകാരം വാടകയിനത്തിൽ 10500/- രൂപ ഡിമാന്റും കളക്ഷനുമുണ്ട്, രജിസ്റ്റർ ഹാജരാക്കിയിട്ടില്ലാത്തതിനാൽ തുകയുടെ കൃത്യത പരിശോധിക്കാനായിട്ടില്ല.

5) ലോൺ രജിസ്റ്ററിൽ ലോൺ വിവരങ്ങൾ ചേർക്കുകയോ സംക്ഷിപ്തം തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തുകയോ ചെയ്തിട്ടില്ല. ആയതിനാൽ B5 ഷെഡ്യൂളിൽ രേഖപ്പെടുത്തിയ തുകയുടെ ആധികാരികത പരിശോധിക്കാനായിട്ടില്ല.

6) സ്റ്റോക്ക് രജിസ്റ്ററിൽ സ്റ്റോക്കുകളുടെ മൂല്യം രേഖപ്പെടുത്തുന്നില്ല.

7) തൊഴിലുറപ്പുപദ്ധതി - വാർഷികകണക്കിൽ രേഖപ്പെടുത്തിയ തുകയും തൊഴിലുറപ്പ് പദ്ധതി സെക്ഷനിൽ നിന്നും ലഭ്യമാക്കിയ സ്റ്റേറ്റ്മെന്റ്/രേഖകൾ പ്രകാരമുള്ള തുകയും തമ്മിൽ പൊരുത്തമില്ല.

| ഇനം | മുന്നിരിപ്പ് | | വരവ് | | ആകെ | | ചെലവ് | | നീക്കിയിരിപ്പ് | |
|---|---|---|---|---|---|---|---|---|---|---|
| | AFS | രജിസ്റ്റർ | AFS | രജിസ്റ്റർ | AFS | രജിസ്റ്റർ | AFS | രജിസ്റ്റർ | AFS | രജിസ്റ്റർ |
| ഭരണ ചെലവ് | 20415 | 16125 | 1678504 | 2262603 | 1698919 | 2278728 | 1431577 | 2011386 | 267342 | 267342 |
| ഉപഭോക്താക്കൾക്ക് നേരിട്ട് | 0 | 0 | 28876442 | 33237622 | 28876442 | 33237622 | 28876442 | 33237622 | 0 | 0 |

8) വസ്തു നികുതി- വാർഷികകണക്കിൽ രേഖപ്പെടുത്തിയ തുകകളും ലഭ്യമാക്കിയ സഞ്ചയ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള തുകകളും തമ്മിൽ ചുവടെ ചേർത്ത പ്രകാരം വ്യത്യാസം കാണുന്നു.

| | ഡിമാന്റ് | | കളക്ഷൻ | | ബാലൻസ് | |
|---|---|---|---|---|---|---|
| | സഞ്ചയ പത്രിക പ്രകാരം | വാർഷിക കണക്ക് പ്രകാരം | സഞ്ചയ പത്രിക പ്രകാരം | വാർഷിക കണക്ക് പ്രകാരം | സഞ്ചയ പത്രിക പ്രകാരം | വാർഷിക കണക്ക് പ്രകാരം |
| തൻവർഷം | 3793384 | 3793384 | 1640538 | 3446226 | 330716 | 331589 |
| കുടിശ്ശിക | 168246 | 79992 | 141017 | 167359 | 887 | 1319 |

9) ഓഡിറ്റ് റിക്കവറി ഇനത്തിൽ വാർഷിക കണക്ക് പ്രകാരം 1315/- രൂപയാണ് വരവ്. എന്നാൽ ഓഡിറ്റ് റിക്കവറി രജിസ്റ്റർ പ്രകാരം ആകെ 43496/- രൂപയാണ് വരവ്.

10) സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ ഇനത്തിൽ 400 രൂപ വരവുള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്. ഇതിന്റെ കൃത്യത പരിശോധിക്കുന്നതിന് രജിസ്റ്റർ ഹാജരാക്കിയിട്ടില്ല.

11) ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ വാർഷിക കണക്ക് (B-11 Schedule )ആസ്തി രജിസ്റ്ററുമായി പൊരുത്തപ്പെടുന്നുണ്ടോയെന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല. ഡിപ്രീസിയേഷൻ കണക്കാക്കിയതിന്റെ രേഖകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

12) സംയുക്ത പദ്ധതികൾക്കായുള്ള ബ്ലോക്ക് പഞ്ചായത്ത് വിഹിതത്തിൽ B4 ഷെഡ്യൂൾ പ്രകാരം 699155 രൂപ നീക്കിയിരിപ്പുള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ 2019-20 വർഷത്തിൽ ലഭ്യമായ ബ്ലോക്ക് വിഹിതത്തിലെ നീക്കിയിരിപ്പ് 555387 രൂപയാണ്. ബാക്കി വരുന്ന 143768/- രൂപ ഏതൊക്കെ വർഷങ്ങളിലെ നീക്കിയിരിപ്പാണ് എന്നത് വ്യക്തമല്ല.

13) സംയുക്ത പദ്ധതികൾക്കായുള്ള ജില്ലാ പഞ്ചായത്ത് വിഹിതത്തിൽ B4 ഷെഡ്യൂൾ പ്രകാരം 423110 രൂപ നീക്കിയിരിപ്പുള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ 2019-20 വർഷത്തിൽ ലഭ്യമായ ജില്ലാ വിഹിതത്തിലെ

നീക്കിയിരിപ്പില്ല. മേൽ 423110/- രൂപ ഏതൊക്കെ വർഷങ്ങളിലെ നീക്കിയിരിപ്പാണ് എന്നത് വ്യക്തമല്ല.

14) വാർഷിക കണക്ക് RP34 പ്രകാരം Other Deposit ഇനത്തിൽ 19500/-രൂപ വരവും ചെലവ് 15500/- രൂപയുമാണ്. എന്നാൽ രജിസ്റ്റർ പ്രകാരം വരവ് 29500 രൂപയും ചെലവ് 25500 രൂപയുമാണ്.

15) B-4 Schedule ൽ ഉൾപ്പെട്ടിട്ടുള്ള NREGS, TSC, WGDP, Jalnidhi, Joint Venture എന്നീ ഇനങ്ങൾ ഒഴികെയുള്ള സ്പെസിഫിക് പർപ്പസ് ഗ്രാന്റുകൾ തനത്ഫണ്ട് അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ടെങ്കിലും വ്യക്തമായ വിവരങ്ങൾ രേഖപ്പെടുത്തി എ സി ആർ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ഈ തുകകളുടെ കൃത്യത ഉറപ്പുവരുത്താനായിട്ടില്ല.

16) ബാങ്ക് റീകൺസിലേഷൻ പത്രികകൾ പ്രതിമാസം തയ്യാറാക്കിയിട്ടുണ്ടെങ്കിലും,സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

17) T S C ഇനത്തിൽ ഷെഡ്യൂൾ B4 ൽ 854881+2248708=3103589 രൂപയും B-17 ൽ 854881 രൂപയുമാണ്നീക്കിയിരിപ്പ് രേഖപ്പെടുത്തിയിട്ടുള്ളത് .

18) Joint Venture ഇനത്തിൽ B4 ഷെഡ്യൂൾ പ്രകാരം 1122265 രൂപയുണ്ട്, എന്നാൽ മേൽ ആവശ്യത്തനുള്ള ബാങ്ക് അക്കൗണ്ടിൽ B17ൽ 555387 രൂപയാണ് നീക്കിയിരിപ്പ്.

19) മുൻ വർഷത്തെ വാർഷിക കണക്കിലെ അപാകതകൾ പരിഹരിച്ചിട്ടില്ല.

അപാകത സൂചിപ്പിച്ച് കൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നം.12/19-20/06.10.2021 ന് സെക്രട്ടറി മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-12 1996 ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും, വ്യാപാരങ്ങൾക്കും, സംരംഭക പ്രവർത്തനങ്ങൾക്കും, മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) - ലൈസൻസ് അനുവദിച്ചതിലെ അപാകതകൾ.

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 31.10.2017 ലെ ജി.ഒ.(പി) നം.80/2017/ത.സ്വ.ഭ.വ, എസ്.ആർ.ഒ നമ്പർ 674/2017 പ്രകാരം പുറപ്പെടുവിച്ച വിജ്ഞാപന പ്രകാരം 1996 ലെ കേരള പഞ്ചായത്ത് രാജ് (അസഹ്യവും അപകടകരവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾക്ക് ഭേദഗതികൾ പുറപ്പെടുവിച്ചിട്ടുണ്ട്. ആയത് പ്രകാരം ടി വിജ്ഞാപനത്തിലെ റൂൾ 2 ഭേദഗതിയനുസരിച്ച് ചട്ടത്തിന്റെ പേരിലെ ബ്രാക്കറ്റിലുള്ള ഭാഗം (ഫാക്ടറികൾക്കും, വ്യാപാരങ്ങൾക്കും, സംരംഭക പ്രവർത്തനങ്ങൾക്കും, മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) എന്നാക്കി ഭേദഗതി ചെയ്തിട്ടുണ്ട്. കൂടാതെ ചട്ടം 10 ലെ പട്ടിക-2 ൽ വിവിധ വ്യാപാരങ്ങൾക്ക് ഈടാക്കാവുന്ന പരമാവധി ഫീസായി ദിവസേനയുള്ള വിറ്റ് വരവിന്റെ അടിസ്ഥാനത്തിൽ നിശ്ചയിച്ചിട്ടുള്ളതിനെ മൈക്രോ, മിനി, സ്മോൾ, മീഡിയം, ലാർജ് സംരംഭങ്ങൾ എന്നിങ്ങനെ വിവിധ തട്ടുകളാക്കി മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ തരം തിരിച്ച് പരമാവധി ഈടാക്കാവുന്ന ഫീസ് ഉത്തരവാകുകയും ആയതിന്റെ അടിസ്ഥാനത്തിൽ പുതിയ ഫീസ് നിരക്ക് ഗ്രാമപഞ്ചായത്ത് 07.12.2018 തിയ്യതിയിലെ 16/10 നമ്പർ തീരുമാന പ്രകാരം ഗ്രാമപഞ്ചായത്ത് നിശ്ചയിച്ചിട്ടുണ്ട്. 2019-20 സാമ്പത്തിക വർഷത്തിൽ ലൈസൻസ് അനുവദിച്ചതിൽ താഴെ പറയുന്ന അപാകതകൾ സംഭവിച്ചിട്ടുണ്ട്.

1). ലൈസൻസ് ഫീസ് കുറവായി ഈടാക്കി - ഗ്രാമപഞ്ചായത്തിന് 4,050 രൂപ നഷ്ടം.

ഭേദഗതി ഉത്തരവ് പ്രകാരം ഗ്രാമപഞ്ചായത്ത് സേവന മേഖലയിൽ നിശ്ചയിച്ചിട്ടുള്ള ഫീസ് നിരക്ക് താഴെ പറയുന്ന പ്രകാരമാണ്.

| സേവന മേഖല | ഫീസ് |
|---|---|
| 25,000 രൂപ വരെ മൂലധന നിക്ഷേപം | 100 രൂപ |
| 25,001 രൂപ മുതൽ 1,00,000വരെ മൂലധന നിക്ഷേപം | 200 രൂപ |
| 1,00,001 രൂപ മുതൽ 2,00,000വരെ മൂലധന നിക്ഷേപം | 300 രൂപ |
| 2,00,001 രൂപ മുതൽ 3,00,000വരെ മൂലധന നിക്ഷേപം | 400 രൂപ |
| 3,00,001 രൂപ മുതൽ 10,00,000വരെ മൂലധന നിക്ഷേപം | 500 രൂപ |
| 10,00,001 രൂപ മുതൽ 50,00,000വരെ മൂലധന നിക്ഷേപം | 1,000 രൂപ |
| 50,00,001 രൂപ മുതൽ 2 കോടി വരെ മൂലധന നിക്ഷേപം | 5,000 രൂപ |
| 2,00,00,001 രൂപ മുതൽ 5 കോടി വരെ മൂലധന നിക്ഷേപം | 10,000 രൂപ |
| 5 കോടിക്ക് മുകളിൽ മൂലധന നിക്ഷേപം | 15,000 രൂപ. |

എന്നാൽ താഴെ പറയുന്ന സ്ഥാപനങ്ങളുടെ ഫീസ് ഈടാക്കിയതിൽ 800 രൂപ കുറവ് വന്നിട്ടുണ്ട്.

| ക്രമ നമ്പർ | അപേക്ഷകന്റെ പേരും വിലാസവും | ലൈസൻസ് നമ്പർ & തീയതി | ഫീസ് അടവാക്കിയ രശീതി നമ്പർ / തിയ്യതി | മൂലധന നിക്ഷേപം (അപേക്ഷകന്റെ സത്യ വാങ്മൂലം പ്രകാരം) | ഈടാക്കേണ്ട ഫീസ് | ഈടാക്കിയ ഫീസ് | കുറവ് |
|---|---|---|---|---|---|---|---|
| 1 | ശ്രീ.അബ്ദുൾ ഹമീദ്.എൻ.വി, നൊട്ടൻവീടൻ, മൂർക്കനാട് | A6-1164/2019-20-27 തി. 24.04.2019 (പലചരക്ക്) | 118040106530 / 27.02.2019 | 1,50,000 | 300 | 200 | 100 |
| 2 | ശ്രീ.അബ്ദുൾ നാസർ.എം.സി, മണ്ണാറചാലി ഹൗസ്, തച്ചണ്ണ, മൈത്ര | A6-1169/2019-20-31 തി. 24.04.2019 (പലചരക്ക് & ബേക്കറി) | 118040106535 / 27.02.2019 | 1,50,000 | 300 | 200 | 100 |
| 3 | ഷഹ്‌ല മുബഷീർ സാജിത്.പി.കെ, | A6-1168/2019-20 തി. 24.04.2019 (മെഡിക്കൽ ഷോപ്പ്) | 118040106534 / 27.02.2019 | 1,50,000 | 300 | 200 | 100 |
| 4 | ശ്രീ.മുഹമ്മദലി കൊന്നോത്ത് | A6-1171/2019-20-127 തി. 24.04.2019 (പലചരക്ക്) | 118040106534 / 27.02.2019 | 1,50,000 | 300 | 200 | 100 |
| 5 | സിൻസി മൈക്കിൾ, കുന്നേൽ ഹൗസ് | A6-2539/2019-20-146 തി. 27.05.2019 (ഫാൻസി & ഫുട്‌വെയർ) | 119040100689 / 27.05.2019 | 2,50,000 | 400 | 300 | 100 |
| 6 | ശ്രീ.സിനു.കെ.കെ, നെല്ലിക്കുന്നുമ്മൽ ഹൗസ് | A6-2565/2019-20-158 തി. 20.06.2019 (പലചരക്ക്) | 119040100878 / 12.06.2019 | 1,50,000 | 300 | 200 | 100 |
| 7 | ശ്രീ.മുഹമ്മദ് ആഷിഖ്.കെ, കുട്ടശ്ശേരി ഹൗസ് | A6-3701/2019-20-175 തി. 12.07.2019 (വസ്ത്ര വ്യാപാരം) | 119040101484 / 12.07.2019 | 5,00,000 | 500 | 300 | 200 |

| | | | | | | |
|---|---|---|---|---|---|---|
| ആകെ | | | | 2,400 | 1,600 | 800 |

ഫീസ് ഈടാക്കിയതിൽ കുറവ് വന്ന തുക ഉത്തരവാദികളിൽ നിന്നും ഈടാക്കി അറിയിക്കേണ്ടതാണ്.

2). അപേക്ഷകളിലോ അന്വേഷണ റിപ്പോർട്ടുകളിലോ മൂലധന നിക്ഷേപം രേഖപ്പെടുത്തുന്നില്ല.

ഓഡിറ്റ് വർഷത്തിൽ ലൈസൻസ് അനുവദിച്ചിട്ടുള്ള അനേകം അപേക്ഷകളിൽ മൂലധന നിക്ഷേപം രേഖപ്പെടുത്തിയിട്ടില്ല. ഏതാനും ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | അപേക്ഷകന്റെ പേര് | ലൈസൻസ് നമ്പർ / തീയതി |
|---|---|---|
| 1 | ശ്രീ.കെ.വി.കൃഷ്ണകുമാർ | A6-785/2019-20-7 തി. 24.04.2019 |
| 2 | ശ്രീ.ആലിക്കുട്ടി കരീക്കുന്നൻ | A6-647/2019-20-2 തി. 24.04.2019 |
| 3 | ശ്രീ.സുഹൈൽ, അബ്ദു റഹ്മഫ് & മുഹമ്മദാലി | A6-1021/2019-20-15 തി. 17.04.2019 |
| 4 | ശ്രീ.ഷിഹാബുദ്ധീൻ.പി.വി | A6-1139/2019-20-74 തി. 24.04.2019 |
| 5 | ശ്രീ.നാരായണൻ കുരുമരക്കാടൻ | A6-1109/2019-20-86 തി. 27.02.2019 |
| 6 | ശ്രീ.ഉണ്ണികൃഷ്ണൻ.പി | A6-1113/2019-20-87 തി. 24.04.2019 |
| 7 | ശ്രീ.അബ്ദുൾ കരീം മുള്ളഞ്ചീരി | A6-1110/2019-20-89 തി. 24.04.2019 |
| 8 | ശ്രീ.മഞ്ചേഷ് കുമാർ യാദവ് | A6-1490/2019-20-114 തി. 24.04.2019 |
| 9 | ശ്രീ.അബൂബക്കർ സിദ്ധീഖ് തെക്കേപ്പുറം | A6-1177/2019-20-53 തി. 24.04.2019 |
| 10 | ശ്രീ.അബ്ദുറഹിമാൻ.എം.പി | A6-1162/2019-20-66 തി. 24.04.2019 |

അപേക്ഷകളിലോ അന്വേഷണോദ്യോഗസ്ഥന്റെ റിപ്പോർട്ടിലോ മൂലധന നിക്ഷേപം രേഖപ്പെടുത്താത്ത സാഹചര്യത്തിൽ ഫീസ് ഈടാക്കി ലൈസൻസ് അനുവദിച്ചതിന്റെ മാനദണ്ഡം വ്യക്തമാക്കേണ്ടതാണ്.

3). അപേക്ഷകൾ ലൈസൻസ് ഫീസ് ഡിമാന്റ് രജിസ്റ്ററിൽ ചേർക്കാതെ ലൈസൻസ് അനുവദിച്ചു.

2019-20 സാമ്പത്തിക വർഷത്തിൽ 236 ലൈസൻസുകളാണ് അനുവദിച്ചിട്ടുള്ളത്. ഇതിൽ 1 മുതൽ 217 വരെയുള്ള അപേക്ഷകൾ മാത്രമാണ് ലൈസൻസ് ഫീസ് ഡിമാന്റ് രജിസ്റ്ററിൽ ചേർത്തിട്ടുള്ളത്. 218 മുതൽ 236 വരെയുള്ള അപേക്ഷകൾ പ്രകാരം ലൈസൻസ് അനുവദിച്ചിട്ടുണ്ടെങ്കിലും അപേക്ഷകൾ ഡിമാന്റ് രജിസ്റ്ററിൽ ചേർക്കുകയോ ഈ അപേക്ഷകളിൻമേൽ ഈടാക്കിയ ഫീസ് വിവരങ്ങൾ ഉൾപ്പെടുത്തുകയോ ചെയ്തിട്ടില്ല. അപൂർണ്ണമായ ഈ രജിസ്റ്ററിൽ താഴെ പറയുന്ന പ്രകാരം സംക്ഷിപ്തം രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തിയിട്ടുമുണ്ട്.

| ഡിമാന്റ് | കലക്ഷൻ | | ബാലൻസ് |
|---|---|---|---|
| | അഡ്വാൻസ് | തന്നാണ്ട് | |
| 2,35,500 | 43,900 | 1,91,600 | 0 |

എന്നാൽ ഈ തുക വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല. വാർഷിക കണക്ക് പ്രകാരമുള്ള ഡിമാന്റ്, കളക്ഷൻ, ബാലൻസ് വിവരങ്ങൾ താഴെ പറയുന്ന പ്രകാരമാണ്.

| ഡിമാന്റ് | കലക്ഷൻ | | ബാലൻസ് |
|---|---|---|---|
| | അഡ്വാൻസ് | തന്നാണ്ട് | |
| 2,25,300 | 33,700 | 1,91,600 | 0 |

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നമ്പർ. 17 (2019-20/08.10.2021 – മറുപടി ലഭ്യമാക്കിയിട്ടില്ല.)

## 1-13 തൊഴിൽ നികുതി ഈടാക്കിയില്ല/രജിസ്റ്റർ പൂർണ്ണമല്ല

2019-20 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി രജിസ്റ്റർ, റിട്ടേണുകൾ എന്നിവ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1) ജീവനക്കാരിൽ നിന്നും 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 204 പ്രകാരമുള്ള തൊഴിൽ നികുതികൾ ഈടാക്കിയ വിവരം രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ജീവനക്കാരന്റെ പേര്, തസ്തിക | സ്ഥാപനം | കുറിപ്പ് |
|---|---|---|---|

| | | | |
|---|---|---|---|
| 1 | ശ്രീമതി. സുജിമോൾ കെ.ആർ, പി.ടി.എസ് | വെറ്റിനറി ഡിസ്പെൻസറി, കല്ലരട്ടിക്കൽ | 10.07.2019ന് ആണ് വിരമിച്ചത്. എന്നാൽ ഒന്നാം അർദ്ധ വർഷത്തെ തൊഴിൽ നികുതി അടവാക്കിയത് സംബന്ധിച്ച വിവരം രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. |
| 2 | ശ്രീ. അനൂപ് ആർ.വി, LI | വെറ്റിനറി ഡിസ്പെൻസറി,, ഊർങ്ങാട്ടിരി | രണ്ടാം അർദ്ധ വർഷത്തെ തൊഴിൽ നികുതി അടവാക്കിയത് സംബന്ധിച്ച വിവരം രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. |
| 3 | ശ്രീമതി. റജീന ഒ.എം, LPST | ALPS ഊർങ്ങാട്ടിരി, പൂവത്തിക്കൽ | രണ്ടാം അർദ്ധ വർഷത്തെ തൊഴിൽ നികുതി അടവാക്കിയത് സംബന്ധിച്ച വിവരം രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല |
| 4 | ശ്രീമതി. ആതിര എസ്, പ്രൊജക്ട് കമ്മീഷണർ | GPST-KRWSA-ജലനിധി | രണ്ടാം അർദ്ധ വർഷത്തെ തൊഴിൽ നികുതി അടവാക്കിയത് സംബന്ധിച്ച വിവരം രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല |

2) വെങ്കിടേശ്വര ഹാച്ചറി പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തിലെ ജീവനക്കാരുടെ രണ്ടാം അർദ്ധ വർഷത്തിലെ തൊഴിൽ നികുതികൾ ഈടാക്കിയതായി രജിസ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

അപാകത സൂചിപ്പിച്ച് കൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നം.13/19-20/06.10.2021 ന് സെക്രട്ടറി മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ സ്ഥാപനങ്ങൾ/ജീവനക്കാർ തൊഴിൽ നികുതികൾ അടവാക്കിയിട്ടുണ്ടെങ്കിൽ ആയത് രജിസ്റ്ററിൽ ചേർക്കാതിരുന്നതിനും ഈടാക്കാത്ത സംഗതികളിൽ ആയതിനും വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-14 അംഗീകൃത ക്ലബുകൾക്ക് /ലൈബ്രറികൾക്ക് പത്രം നൽകൽ പദ്ധതി-അപാകതകൾ

പദ്ധതി നം. :24/2019-20

അടങ്കൽ :75,000/- വികസന ഫണ്ട് ജനറൽ

ചെലവ് :52,000/-, ബിൽ നമ്പർ - 05/2019-20/18.01.2020

2019-2020 സാമ്പത്തിക വർഷത്തിൽ ഹെഡ്മാസ്റ്റർ നിർവ്വഹണം നടത്തിയ മേൽ പദ്ധതി ഫയൽ പരിശോധിച്ചതിൽ, പദ്ധതി ചെലവ് സംബന്ധിച്ച ട്രഷറി ബില്ലും ദേശാഭിമാനി പബ്ലിക്കേഷൻസിന്റെ (മലയാളം ഡെയ്‌ലി) 17.10.2019 തിയ്യതിയിലെ 6582 നമ്പറിലുള്ള 52000/- രൂപയുടെ 'അഡ്വാൻസ് രശീതിയും' മാത്രമാണ് പരിശോധനക്ക് ഹാജരാക്കിയത്. ഇത് സംബന്ധിച്ച അപാകതകൾ ചുവടെ ചേർക്കുന്നു.

1) പത്രങ്ങളുടെ വില മുൻകൂർ ആയിട്ടാണോ അനുവദിച്ചത് എന്നത് വ്യക്തമാക്കേണ്ടതും ആണെങ്കിൽ ആയതിന്റെ കാരണം വിശദീകരിക്കേണ്ടതുമാണ്.

2) മേൽ രസീപ്റ്റിൽ 20x2600=52000/-എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. ആയത് ഏത് വർഷം ഏതൊക്കെ മാസങ്ങളിൽ എത്ര രൂപ നിരക്കിൽ നൽകിയതാണെന്നത് വ്യക്തമല്ല.

3) ഏതൊക്കെ ക്ലബുകൾക്കാണ്/ലൈബ്രറികൾക്കാണ് പത്രം നൽകിയത് എന്നത് വ്യക്തമല്ല.

4) പത്രങ്ങൾ വിതരണം ചെയ്തതിനാൽ തുക അനുവദിക്കാനാവശ്യപ്പെട്ട് പത്ര ഏജൻസി അപേക്ഷ സമർപ്പിച്ചിട്ടില്ല.

5) ഏതെങ്കിലും മാസത്തിൽ പത്രം ലഭ്യമായതായി ക്ലബുകൾ/ലൈബ്രറികൾ സാക്ഷ്യപ്പെടുത്തുകയോ, പത്ര ഏജൻസിക്ക്/ഏജന്റിന് തുക അനുവദിക്കാവുന്നതാണ് എന്ന് അപേക്ഷിക്കുകയോ ചെയ്തിട്ടില്ല.

6) പത്രം ക്ലബുകൾക്ക് /ലൈബ്രറികൾക്ക് ലഭിച്ചിട്ടുണ്ടെങ്കിൽ ക്ലബുകളുടെ അംഗീകാരം സംബന്ധിച്ച വിവരവും പദ്ധതി സംബന്ധിച്ച ഭരണസമിതി തീരുമാനവും ലഭ്യമാക്കേണ്ടതാണ്.

അപാകതകൾ സൂചിപ്പിച്ച് കൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നം.14/19-20/06.10.2021 ന് ഹെഡ് മാസ്റ്റർ മറുപടി ലഭ്യമാക്കിയിട്ടില്ല. വിശദീകരണം ലഭ്യമാക്കേണ്ടതും രേഖകൾ ഹാജരാക്കേണ്ടതുമാണ്. ആയത് വരെ ചെലവ് തുക 52000/- രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 1-15 സമഗ്ര വിദ്യാഭ്യാസ പരിപാടി-പുസ്തക വിതരണ വിവരം ലഭ്യമാക്കിയില്ല

പദ്ധതി നം. :188/2019-20-സമഗ്ര വിദ്യാഭ്യാസം

അടങ്കൽ :3,00,000/- വികസന ഫണ്ട് ജനറൽ

ചെലവ് :2,50,000/-

2019-2020 സാമ്പത്തിക വർഷത്തിൽ ഹെഡ്മാസ്റ്റർ നിർവ്വഹണം നടത്തിയ മേൽ പദ്ധതി പ്രകാരമുള്ള ആകെ ചെലവ് തുകയിൽ ബിൽ നമ്പർ - 17/2019-20/03.03.2020 പ്രകാരമുള്ള 49,000/- രൂപ പഞ്ചായത്ത് സ്കൂളുകളിൽ യുറീക്ക പുസ്തകം വരുത്തുന്നതിനായി യുറീക്ക&ശാസ്ത്ര കേരള-കോഴിക്കോട് എന്ന സ്ഥാപനത്തിന് അനുവദിക്കുകയും സ്ഥാപനത്തിന്റെ 12.02.2020ലെ രസീത് ഹാജരാക്കുകയും ചെയ്തിട്ടുണ്ട്. തുക നൽകുന്നതിന് മുമ്പ് തുക കൈപ്പറ്റിയതായി രസീത് നൽകിയിട്ടുണ്ട്.

എന്നാൽ മേൽ പുസ്തകം ഏതൊക്കെ സ്കൂളുകൾക്ക് ഏതൊക്കെ മാസങ്ങളിലാണ് നൽകിയത് എന്നത് സംബന്ധിച്ച വിവരം ലഭ്യമാക്കുകയോ സ്കൂളുകളിൽ ആയവ ലഭ്യമായത് സംബന്ധിച്ച് സ്കൂളുകളിൽ നിന്നും സാക്ഷ്യപത്രം/സ്റ്റോക്ക് രജിസ്റ്റർ പരിശോധനക്ക് ഹാജരാക്കുകയോ ചെയ്തിട്ടില്ല.

അപാകതകൾ സൂചിപ്പിച്ച് കൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നം.15/19-20/06.10.2021 ന് ഹെഡ് മാസ്റ്റർ മറുപടി ലഭ്യമാക്കിയിട്ടില്ല. വിവരം ലഭ്യമാക്കേണ്ടതും രേഖകൾ പരിശോധനക്ക് ഹാജരാക്കേണ്ടതുമാണ്. ചെലവ് തുക തടസ്സം ചെയ്യുന്നു.

## 1-16 കേര ഗ്രാമം - തെങ്ങിന് ജൈവവളം നൽകൽ എന്ന പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ.

| | |
|---|---|
| പ്രൊജക്ട് നമ്പർ | 365/20 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | കൃഷി ഓഫീസർ |
| ചെലവഴിച്ച തുക | 10,93,750/- രൂപ (വികസന ഫണ്ട്- ജനറൽ) + 4,37,500 (ഗുണഭോക്തൃ വിഹിതം) |
| ബിൽ നമ്പർ / തീയതി | 191509520231011703 41 തീ. 18.03.2020 – 4,87,125/- രൂപ |
| | 201509520231000235 80 തീ. 21.04.2020 –94,675/- രൂപ |
| | 201509520231000235 78 തീ. 21.04.2020 –63,650/- രൂപ |
| | 201509520231000235 73 തീ. 21.04.2020 –1,64,725/- രൂപ |
| | 201509520231000235 71 തീ. 21.04.2020 –1,84,425/- രൂപ |
| | 201509520231000235 87 തീ. 21.04.2020 –99,150/- രൂപ |
| ചെക്ക് നമ്പർ / തീയതി (ഗുണഭോക്തൃ വിഹിതം) | 940 തീ. 14.02.2020 – 4,18,530/- രൂപ |
| | 120 തീ. 17.03.2021 – 18,970/- രൂപ |

2019-20 സാമ്പത്തിക വർഷത്തിൽ ബിൽ നമ്പർ. 19150952023101170341 തീയതി 18.03.2020 പ്രകാരം 4,87,125/- രൂപ ഈ പദ്ധതി പ്രകാരം വികസന ഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്. പിന്നീട് സമർപ്പിച്ച ബില്ലുകൾ ക്യൂ ബില്ലുകളാകുകയും അവ പിന്നീട് 2020-21 സാമ്പത്തിക വർഷത്തിൽ സ്പിൽ ഓവർ പ്രൊജക്ടായി (പ്രൊജക്ട് നമ്പർ.203/21) തുക അനുവദിക്കുകയുമാണ് ചെയ്തിട്ടുള്ളത്. ഗ്രാമപഞ്ചായത്തിലെ കേര കർഷകർക്ക് ഒരു തെങ്ങിന് രണ്ട് കിലോഗ്രാം ജൈവവളം സർക്കാർ അംഗീകൃത ഏജൻസികളിൽ നിന്നും ഊർങ്ങാട്ടിരി ഗ്രാമപഞ്ചായത്ത് കേര സൊസൈറ്റി മുഖേന വാങ്ങി വിതരണം ചെയ്യുന്നതാണ് പദ്ധതി. ഒരു തെങ്ങിന് ജൈവവളത്തിന്റെ വിലയുടെ 75% പരമാവധി 25 രൂപയിൽ അധികരിക്കാതെ സബ്സിഡി നൽകുകയും ഒരു തെങ്ങിന് രണ്ട് കിലോ ഗ്രാം ജൈവവളം ഉറപ്പ് വരുത്തുകയുമാണ് പദ്ധതി ലക്ഷ്യമിട്ടിരുന്നത്. ഇത് പ്രകാരം 2019-20സാമ്പത്തിക വർഷത്തിൽ കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് മാർക്കറ്റിംഗ് ഫെഡറേഷനിൽ നിന്നാണ് 65,625 കിലോ ഗ്രാം ജൈവവളം വാങ്ങി ഗ്രാമപഞ്ചായത്തിലെ 43,750 തെങ്ങുകൾക്ക് വേണ്ടി വിതരണം ചെയ്തിട്ടുള്ളത്. ജൈവ വളത്തിന്റെ 71.4286 ശതമാനമാണ് സബ്സിഡിയായി അനുവദിച്ചിട്ടുള്ളത്. ഇതിനായി 10,93,750/- രൂപ വികസന ഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്. തെങ്ങൊന്നിന് 10 രൂപ നിരക്കിൽ 43,750 തെങ്ങുകൾക്ക് 4,37,500/- രൂപ ഗുണഭോക്തൃ വിഹിതവും ഈടാക്കിയിട്ടുണ്ട്. ഈ പദ്ധതിയുടെ നിർവ്വഹണത്തിൽ താഴെ പറയുന്ന അപാകതകൾ സംഭവിച്ചിട്ടുണ്ട്.

1). ജൈവ വളം സ്റ്റോക്കിൽ എടുക്കാതെയാണ് വിതരണം ചെയ്തിട്ടുള്ളത്.

2). സബ്സിഡി മാർഗ്ഗരേഖ പ്രകാരം (സ.ഉ(കൈ)നം. 22/2018/തസ്വഭവ തീയതി: 14.02.2018) പ്രകാരം ജൈവവളത്തിന്റെ യൂണിറ്റ് കോസ്റ്റ് ജില്ലാ തലത്തിൽ നിശ്ചയിക്കേണ്ടതാണ്. എന്നാൽ ജില്ലാ തലത്തിൽ യൂണിറ്റ് കോസ്റ്റ് നിശ്ചയിക്കപ്പെട്ടവയിൽ ഈ പദ്ധതി പ്രകാരം വിതരണം ചെയ്ത ജീവാമീൽ വെസ്റ്റേൺ എന്ന പേരിലുള്ള ജൈവവളം ഉൾപ്പെട്ടിട്ടില്ല.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നമ്പർ. 12(2019-20) / 06.10.2021 – മറുപടി ലഭ്യമാക്കിയിട്ടില്ല.)

## 1-17 പാലിന് സബ്സിഡി - പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ.

| | |
|---|---|
| പ്രൊജക്റ്റ് നമ്പർ | 374/20 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ |
| അടങ്കൽ തുക | 14,30,000/- |
| ചെലവഴിച്ച തുക | 1157251/- |
| ബിൽ നമ്പർ / തീയതി (വികസന ഫണ്ട് ) | 01/2019-20 തീ.18.01.2020 – 3,89,819/- രൂപ |
| | 02/2019-20 തീ.18.01.2020 – 1,74,963/- രൂപ |
| | 03/2019-20 തീ.18.03.2020 – 92,469/- രൂപ |
| | 04/2019-20 തീ.18.03.2020 – 2,29,308/- രൂപ |
| | 05/2019-20 തീ.22.02.2020 – 37,103/- രൂപ |
| | 06/2019-20 തീ.18.03.2020 – 2,33,589/- രൂപ |

സ.ഉ(കൈ) നം.22/2018/തസ്വഭവ തി. 14.02.2018നമ്പർ സബ്സിഡി മാർഗരേഖ പ്രകാരം, ക്ഷീരസംഘത്തിൽ നൽകുന്ന ഒരു ലിറ്റർ പാലിന് ക്ഷീര വികസന വകുപ്പ് നൽകുന്ന ഒരു രൂപ ഉൾപ്പെടെ 4 രൂപ തോതിൽ കണക്കാക്കി സബ്സിഡി നൽകാവുന്നതാണ്. ഇത് പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന് നൽകാവുന്ന സബ്സിഡി ഒരു ലിറ്ററിന് മൂന്ന് രൂപ മാത്രമാണ്. എന്നാൽ ഊർങ്ങാട്ടിരി ഗ്രാമപഞ്ചായത്തിൽ സബ്സിഡി നൽകിയിരിക്കുന്നത് വ്യത്യസ്ത നിരക്കിലാണ്. 2019 ഏപ്രിൽ, മെയ് മാസങ്ങളിലെ സബ്സിഡി മൂന്ന് രൂപ നിരക്കിലും ജൂൺ മുതൽ ഡിസംബർ വരെയുള്ള മാസങ്ങളിൽ നാല് രൂപ നിരക്കിലുമാണ് സബ്സിഡി അനുവദിച്ചിട്ടുള്ളത്. ഇപ്രകാരം സബ്സിഡി അനുവദിച്ചതിന്റെ കാരണം വിശദമാക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നമ്പർ. 03(2019-20) / 27.09.2021 – മറുപടി ലഭ്യമാക്കിയിട്ടില്ല.)

## 1-18 പട്ടികജാതി കുടുംബങ്ങൾക്ക് വാട്ടർ ടാങ്ക് വാങ്ങി നൽകൽ - പ്ലാൻ ഫണ്ടിൽ നിന്നും 22500/- രൂപ അധികം ചെലവഴിച്ചു.

| | |
|---|---|
| പ്രൊജക്റ്റ് നമ്പർ | 33/20 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |
| ചെലവഴിച്ച തുക | 372750/- |
| ബിൽ നമ്പർ / തീയതി (വികസന ഫണ്ട്-എസ്.സി.പി) | 12/2019-20 തീ.23.03.2020 – 90,000/- രൂപ |
| | 15/2019-20 തീ.31.03.2020 – 49,500/- രൂപ |
| | 16/2019-20 തീ.31.03.2020 – 49,500/- രൂപ |
| | 21/2019-20 തീ.31.03.2020 – 49,500/- രൂപ |
| | 22/2019-20 തീ.31.03.2020 – 49,500/- രൂപ |
| ചെക്ക് നമ്പർ / തീയതി (ഗുണഭോക്തൃ വിഹിതം) | 1132 / 24.03.2020 – 84,750/- രൂപ |

ഊർങ്ങാട്ടിരി ഗ്രാമപഞ്ചായത്തിൽ 2019-20 സാമ്പത്തിക വർഷത്തിൽ അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പട്ടികജാതി കുടുംബങ്ങൾക്ക് വാട്ടർ ടാങ്ക് വാങ്ങി നൽകൽ എന്ന പദ്ധതി പ്രകാരം ആകെ 118 പട്ടികജാതി കുടുംബങ്ങൾക്ക് 500 ലിറ്റർ സംഭരണ ശേഷിയുള്ള വാട്ടർ ടാങ്ക് വാങ്ങി നൽകിയിട്ടുണ്ട്.

ടാങ്കൊന്നിന് 3,000/- രൂപ നിരക്കിൽ പി.ജി.എന്റർപ്രൈസസ്, തണ്ടുകോട്, വെള്ളയൂർ.പി.ഒ എന്ന സ്ഥാപനത്തിൽ നിന്നാണ് ടാങ്കുകൾ വാങ്ങിയിട്ടുള്ളത്. 2250/- രൂപ പ്ലാൻ ഫണ്ടിൽ നിന്നും 750/- രൂപ ഗുണഭോക്തൃ വിഹിതവും ഈടാക്കിയാണ് പദ്ധതി നടപ്പിലാക്കേണ്ടിയിരുന്നത്.

എന്നാൽ ഈ പദ്ധതികളുടെ നിർവ്വഹണത്തിൽ സംഭവിച്ചിട്ടുള്ള അപാകതകൾ ചുവടെ ചേർക്കുന്നു.

എ). ഗുണഭോക്തൃ വിഹിതം - ഈടാക്കിയതിൽ കുറവ്.

118 പട്ടികജാതി കുടുംബങ്ങൾക്കാണ് ഈ പദ്ധതി പ്രകാരം വാട്ടർ ടാങ്ക് വാങ്ങി നൽകിയിട്ടുള്ളത്. എന്നാൽ 113 ഗുണഭോക്താക്കൾ മാത്രമാണ് ഗുണഭോക്തൃ വിഹിതം അടവാക്കിയിട്ടുള്ളത്. 5 ഗുണഭോക്താക്കൾ ഗുണഭോക്തൃ വിഹിതം അടവാക്കാത്തതിനാൽ 3,750/- രൂപ (5 X 750 = 3750) കുറവ് വന്നിട്ടുണ്ട്.

ബി). ഗുണഭോക്തൃ വിഹിതം ഉൾപ്പെടെയുള്ള തുക പ്ലാൻ ഫണ്ടിൽ നിന്ന് നൽകി – 22,500/- രൂപ നഷ്ടം.

ഇൻവോയിസ് നമ്പർ.9/22.01.2020 പ്രകാരം 2460/- രൂപ നിരക്കിൽ 30 വാട്ടർ ടാങ്കുകൾ വാങ്ങിയിട്ടുണ്ട്. എന്നാൽ 25% ഗുണഭോക്തൃവിഹിതം കുറവ് ചെയ്യാതെ തുക പൂർണ്ണമായും ബിൽ നമ്പർ.12/2019-20 തീ.23.03.2020 പ്രകാരം പ്ലാൻ ഫണ്ടിൽ നിന്നാണ് നൽകിയിട്ടുള്ളത്.

ഈ അപാകതകൾ കാരണം താഴെ പറയുന്ന പ്രകാരം പദ്ധതി വിഹിതം നഷ്ടമായിട്ടുണ്ട്. വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

| ഇൻവോയിസ് നമ്പർ/തീയതി | തുക | അനുവദിക്കേണ്ട തുക | | അനുവദിച്ച തുക | | അധികമായി അനുവദിച്ചത് | |
|---|---|---|---|---|---|---|---|
| | | പദ്ധതി വിഹിതം | ഗുണഭോക്തൃ വിഹിതം | പദ്ധതി വിഹിതം | ഗുണഭോക്തൃ വിഹിതം | പദ്ധതി വിഹിതം | ഗുണഭോക്തൃ വിഹിതം |
| 9/22.01.2020 | 90000 | 67500 | 22500 | 90000 | 84750 (വൗച്ചർ നമ്പർ. 21901033 /24.03.2020) | 22500 | (-) 3750 |
| 39/27.06.2019 | 66000 | 49500 | 16500 | 49500 | | 0 | |
| 40/14.03.2020 | 66000 | 49500 | 16500 | 49500 | | 0 | |
| 43/18.03.2020 | 66000 | 49500 | 16500 | 49500 | | 0 | |
| 44/18.03.2020 | 66000 | 49500 | 16500 | 49500 | | 0 | |
| ആകെ | 354000 | 265500 | 88500 | 288000 | 84750 | 22500 | (-) 3750 |

പദ്ധതി വിഹിതത്തിൽ നിന്ന് 22,500/- രൂപ അധികം ചെലവഴിച്ചിട്ടുണ്ട്. 5 ഗുണഭോക്താക്കളിൽ നിന്ന് ഗുണഭോക്തൃ വിഹിതം വാങ്ങാത്തതിനാൽ ഗുണഭോക്തൃ വിഹിതമിനത്തിൽ 84,750/- രൂപയാണ് സ്ഥാപനത്തിന് നൽകിയിട്ടുള്ളത്. നഷ്ടത്തുകയായ 22,500/- രൂപ നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയായി കണക്കാക്കാതിരിക്കാൻ കാരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. നഷ്ടതുക ഉത്തരവാദിയായ അസിസ്റ്റന്റ് സെക്രട്ടറിയിൽ നിന്നും ഈടാക്കേണ്ടതാണ്.

സി). ജി.എസ്.ടി യുടെ ടി.ഡി.എസ് ഈടാക്കിയില്ല.

13.09.2018 ലെ 50/18 നോട്ടിഫിക്കേഷൻ പ്രകാരം 01.10.2018 മുതൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വാങ്ങലുകളിൽ 2 ശതമാനം ജി.എസ്.ടി യുടെ TDS (1% CGST + 1% SGST) കുറവ് ചെയ്യേണ്ടതാണ്. എന്നാൽ ഈ പദ്ധതയിൽ ജി.എസ്.ടി ഉൾപ്പെടെയുള്ള തുക സ്ഥാപനത്തിന് നൽകിയിട്ടുണ്ടെങ്കിലും TDS ഈടാക്കി അടവാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ബിൽ നമ്പർ/ തിയ്യതി | ഇൻവോയിസ് നമ്പർ / തിയ്യതി | ടാങ്കുകളുടെ വില | ഇൻവോയിസിൽ രേഖപ്പെടുത്തിയ ജി.എസ്.ടി (18%) | ആകെ |
|---|---|---|---|---|---|
| 1 | 12/2019-20/ തി. 23.03.2020 | 9/22.01.2020 | 73800 | 16200 | 90000 |
| 2 | 15/2019-20 തി. 31.03.2020 | 39/27.06.2019 | 55932 | 10068 | 66000 |
| 3 | 16/2019-20 തി. 31.03.2020 | 40/14.03.2020 | 55932 | 10068 | 66000 |
| 4 | 21/2019-20 തി. | 43/18.03.2020 | 55932 | 10068 | 66000 |

| | | | | | |
|---|---|---|---|---|---|
| | 31.03.2020 | | | | |
| 5 | 22/2019-20 തി. 31.03.2020 | 44/18.03.2020 | 55932 | 10068 | 66000 |
| ആകെ | | | 297528 | 56472 | 354000 |

മറുപടി ലഭ്യമാക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നമ്പർ. 01(2019-20) / 27.09.2021 – മറുപടി ലഭ്യമാക്കിയിട്ടില്ല.)

## 1-19 പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് വാട്ടർ ടാങ്ക് വാങ്ങി നൽകൽ - നിർവ്വഹണത്തിലെ അപാകതകൾ.

| | |
|---|---|
| പ്രൊജക്ട് നമ്പർ | 34/20 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |
| ചെലവഴിച്ച തുക | 363750/- |
| ബിൽ നമ്പർ / തീയതി (വികസന ഫണ്ട്-ടി.എസ്.പി) | 13/2019-20 തീ.23.03.2020 – 90,000/- രൂപ |
| | 17/2019-20 തീ.31.03.2020 – 49,500/- രൂപ |
| | 18/2019-20 തീ.31.03.2020 – 49,500/- രൂപ |
| | 19/2019-20 തീ.31.03.2020 – 49,500/- രൂപ |
| | 20/2019-20 തീ.31.03.2020 – 42,750/- രൂപ |
| ചെക്ക് നമ്പർ / തീയതി (ഗുണഭോക്തൃ വിഹിതം) | 1132 / 24.03.2020 – 82,500/- രൂപ |

ഊർങ്ങാട്ടിരി ഗ്രാമപഞ്ചായത്തിൽ 2019-20 സാമ്പത്തിക വർഷത്തിൽ അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പട്ടിക വർഗ്ഗ കുടുംബങ്ങൾക്ക് വാട്ടർ ടാങ്ക് വാങ്ങി നൽകൽ എന്ന പദ്ധതി പ്രകാരം ആകെ 125 പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് 500 ലിറ്റർ സംഭരണ ശേഷിയുള്ള വാട്ടർ ടാങ്ക് വാങ്ങി നൽകിയിട്ടുണ്ട്. ടാങ്കൊന്നിന് 3,000/- രൂപ നിരക്കിൽ പി.ജി.എന്റർപ്രൈസസ്, തണ്ടുകോട്, വെള്ളയൂർ.പി.ഒ എന്ന സ്ഥാപനത്തിൽ നിന്നാണ് ടാങ്കുകൾ വാങ്ങിയിട്ടുള്ളത്. 2250/- രൂപ പ്ലാൻ ഫണ്ടിൽ നിന്നും 750/- രൂപ ഗുണഭോക്തൃ വിഹിതവും ഉൾപ്പെടുത്തിയാണ് പദ്ധതി നടപ്പിലാക്കേണ്ടിയിരുന്നത്.

എന്നാൽ ഈ പദ്ധതിയുടെ നിർവ്വഹണത്തിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

എ). ഗുണഭോക്തൃ വിഹിതം - ഈടാക്കിയതിൽ കുറവ്.

125 പട്ടികവർഗ്ഗ കുടുംബങ്ങൾക്കാണ് ഈ പദ്ധതി പ്രകാരം വാട്ടർ ടാങ്ക് വാങ്ങി നൽകിയിട്ടുള്ളത്. എന്നാൽ 110 ഗുണഭോക്താക്കൾ മാത്രമാണ് ഗുണഭോക്തൃ വിഹിതം അടവാക്കിയിട്ടുള്ളത്. 15 ഗുണഭോക്താക്കൾ ഗുണഭോക്തൃ വിഹിതം അടവാക്കാത്തതിനാൽ 11,250/- രൂപ (15 X 750 = 11250) കുറവ് വന്നിട്ടുണ്ട്. ഈ തുക കുറച്ചാണ് കരാറുകാരന് നൽകിയിട്ടുള്ളത്.

ബി). ജി.എസ്.ടി യുടെ ടി.ഡി.എസ് ഈടാക്കിയില്ല.

13.09.2018 ലെ 50/18 നോട്ടിഫിക്കേഷൻ പ്രകാരം 51 പ്രകാരം 01.10.2018 മുതൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വാങ്ങലുകളിൽ 2 ശതമാനം ജി.എസ്.ടി യുടെ TDS (1% CGST + 1% SGST) കുറവ് ചെയ്യേണ്ടതാണ്. എന്നാൽ ഈ പദ്ധതിയിൽ ജി.എസ്.ടി ഉൾപ്പെടെയുള്ള തുക സ്ഥാപനത്തിന് നൽകിയിട്ടുണ്ടെങ്കിലും TDS ഈടാക്കി അടവാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ബിൽ നമ്പർ/ തിയ്യതി | ഇൻവോയിസ് നമ്പർ / തിയ്യതി | ടാങ്കുകളുടെ വില | ഇൻവോയിസിൽ രേഖപ്പെടുത്തിയ ജി.എസ്.ടി (18%) | ആകെ |
|---|---|---|---|---|---|
| 1 | 13/2019-20/തി. | 8/21.01.2020 | 73800 | 16200 | 90000 |

| | | | | | |
|---|---|---|---|---|---|
| | 23.03.2020 | | | | |
| 2 | 17/2019-20 തി. 31.03.2020 | 41/12.03.2020 | 55932 | 10068 | 66000 |
| 3 | 18/2019-20 തി. 31.03.2020 | 44/14.03.2020 | 55932 | 10068 | 66000 |
| 4 | 19/2019-20 തി. 31.03.2020 | 45/14.03.2020 | 55932 | 10068 | 66000 |
| 5 | 20/2019-20തി. 31.03.2020 | 46/18.03.2020 | 73729 | 13271 | 87000 |
| ആകെ | | | 315325 | 59675 | 375000 |

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും നഷ്ടതുക ഉത്തരവാദിയായ അസിസ്റ്റന്റ് സെക്രട്ടറിയിൽ നിന്നും ഈടാക്കേണ്ടതുമാണ്.

(ഓഡിറ്റ് എൻക്വയറി നമ്പർ. 01(2019-20) / 27.09.2021 – മറുപടി ലഭ്യമാക്കിയിട്ടില്ല.)

## 1-20 പട്ടികജാതി കുടുംബങ്ങളിലെ പെൺകുട്ടികളുടെ വിവാഹത്തിന് ധനസഹായം - പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ.

| | |
|---|---|
| പ്രൊജക്ട് നമ്പർ | 10/20 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |
| ചെലവഴിച്ച തുക | 17,25,000/- |
| ബിൽ നമ്പർ / തീയതി (വികസന ഫണ്ട്-എസ്.സി.പി) | 01/2019-20 തീ.08.09.2019 –12,00,000/-രൂപ<br>05/2019-20 തീ.23.09.2019 – 75,000/-രൂപ<br>06/2019-20 തീ.24.10.2019 – 2,25,000/-രൂപ<br>11/2019-20 തീ.23.03.2020 – 2,25,000/-രൂപ |

ആകെ 23 ഗുണഭോക്താക്കൾക്കാണ് ഈ പദ്ധതി പ്രകാരം വിവാഹ ധനസഹായം നൽകിയിട്ടുള്ളത്. ഇതിൽ ബിൽ നമ്പർ. 06/2019-20 തീ.24.10.2019 പ്രകാരം ധനസഹായം ലഭിച്ചിട്ടുള്ള ശ്രീമതി.തങ്കമണി എന്ന ഗുണഭോക്താവിന്റെ വിലാസം വിവിധ രേഖകളിൽ താഴെ പറയുന്ന പ്രകാരം വ്യത്യസ്തമായാണ് കാണുന്നത്.

| | |
|---|---|
| അപേക്ഷ | തങ്കമണി, W/O.പ്രകാശ്, മൂർത്തിൽ, പുത്തൻപുരക്കൽ ഹൗസ്, കിണറടപ്പൻ, വെറ്റിലപ്പാറ.പി.ഒ |
| ജാതി സർട്ടിഫിക്കറ്റ് & വരുമാന സർട്ടിഫിക്കറ്റ് | തങ്കമണി, D/O.കുഞ്ഞൻ, മൂർത്തിക്കൽ ഹൗസ്, ഒറ്റത്താണിക്കൽ |

| | |
|---|---|
| മകളുടെ വിവാഹസർട്ടിഫിക്കറ്റ് | ശ്യാമിലി.പി.വാസു, D/O. വാസവൻ.പി & തങ്കമണി.എം, മൂർത്തിക്കൽ ഹൗസ് |
| ബാങ്ക് അക്കൗണ്ട് (കേരള ഗ്രാമീണ ബാങ്ക്, അരീക്കോട്) A/C.No.40228100106896 | തങ്കമണി.എം, W/O.വാസു, കയനിപ്പറമ്പിൽ |
| ആധാർ (9957 9226 6528) | തങ്കമണി, W/O.പ്രകാശ്, പുത്തൻപുരക്കൽ ഹൗസ്, കിണറടപ്പൻ |

എന്നാൽ ഇതെല്ലാം ഒരേ വ്യക്തിയുടെ മേൽവിലാസമാണെന്ന് സ്ഥാപിക്കുന്ന രേഖകളൊന്നും ഫയലിൽ സൂക്ഷിച്ചിട്ടില്ല. ആയതിനാൽ യഥാർത്ഥ ഗുണഭോക്താവിനാണോ തുക കൈമാറിയിട്ടുള്ളതെന്ന് ഉറപ്പ് വരുത്താൻ ഓഡിറ്റിന് സാധിച്ചിട്ടില്ല. അപാകതക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നമ്പർ. 02(2019-20) / 27.09.2021 – മറുപടി ലഭ്യമാക്കിയിട്ടില്ല.)

## 1-21 പട്ടികജാതി വിഭാഗത്തിൽപെട്ട യുവജന ഗ്രൂപ്പുകൾക്ക് വാദ്യോപകരണങ്ങൾ - ഉപകരണങ്ങൾ വിതരണം ചെയ്തിട്ടില്ല.


| | |
|---|---|
| പ്രൊജക്റ്റ് നമ്പർ | 251/20 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |
| ചെലവഴിച്ച തുക | 1,87,880/- രൂപ. |
| ബിൽ നമ്പർ / തീയതി (വികസന ഫണ്ട്- എസ്.സി.പി) | 20150952025700400412 തീ.05.04.2019 |

പട്ടികജാതി വിഭാഗത്തിൽപെട്ടവർക്ക് വാദ്യോപകരണങ്ങൾ വാങ്ങി നൽകുന്നതിനായി വികസന ഫണ്ട് (എസ്.സി.പി) യിൽ നിന്നും 1,90,000 രൂപയും ഗുണഭോക്തൃവിഹിതമിനത്തിൽ 10,000 രൂപയും വകയിരുത്തി തയ്യാറാക്കിയ പ്രോജക്റ്റാണ് പട്ടികജാതി വിഭാഗത്തിൽപെട്ട യുവജന ഗ്രൂപ്പുകൾക്ക് വാദ്യോപകരണങ്ങൾ വാങ്ങി നൽകൽ (പ്രൊജക്റ്റ് നമ്പർ.133/19) . അസി.സെക്രട്ടറി നിർവ്വഹണം നടത്തിയ ഈ പ്രോജക്റ്റിന്റെ ഭാഗമായി ടെണ്ടർ വിളിക്കുകയും, ഏറ്റവും കുറവ് നിരക്ക് രേഖപ്പെടുത്തിയ അപ്സര ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ സ്കിൽ ഡെവലപ്മെന്റ് ആന്റ് മാനേജ്മെന്റ് എന്ന സ്ഥാപനത്തിന്റെ ടെണ്ടർ ഭരണസമിതിയുടെ 07-12-18 -ലെ 4(12) നമ്പർ തീരുമാനപ്രകാരം അംഗീകരിക്കുകയും ചെയ്തു. വാദ്യോപകരണങ്ങൾ വിതരണം ചെയ്തയിനത്തിൽ 2018-19 -ൽ ഗുണഭോക്തൃ വിഹിതമായ 10,000/- രൂപ സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. അവശേഷിക്കുന്ന 1,87,880 രൂപ ക്യൂ ബിൽ ആയതിനെ തുടർന്ന് 2019-20 സാമ്പത്തിക വർഷത്തിലെ സ്പിൽ ഓവർ പ്രൊജക്റ്റായി ഉൾപ്പെടുത്തുകയും 05-04-19 -ലെ 400412 നമ്പർ ട്രഷറി ബിൽ പ്രകാരം തുക നൽകുകയും ചെയ്തിട്ടുണ്ട്. ഈ പദ്ധതിയുമായി ബന്ധപ്പെട്ട അപാകതകൾ 2018-19 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ ഖണ്ഡിക 3-1 പ്രകാരം പരാമർശിച്ചിട്ടുണ്ട്.

അപ്സര ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ സ്കിൽ ഡെവലപ്മെന്റ് ആന്റ് മാനേജ്മെന്റ് എന്ന സ്ഥാപനത്തിന്റെ 20-03-19 ലെ 70-ാം നമ്പർ ഇൻവോയ്സ് പ്രകാരം താഴെ പറയുന്ന വാദ്യോപകരണങ്ങൾ ലഭിച്ചിട്ടുണ്ട്.

| ഉപകരണം | എണ്ണം | ഒരെണ്ണത്തിന്റെ വില | |
|---|---|---|---|
| ഇടംതല ചെണ്ട | 8 | 10,750 | 86,000 |
| വലംതല ചെണ്ട | 8 | 10,240 | 81,920 |
| ഇലത്താളം | 8 | 3,745 | 29,960 |
| ആകെ | | | 1,97,880 |

എന്നാൽ ഇവ വിതരണം ചെയ്യാതെ നിലവിൽ ബഡ്സ് സ്കൂൾ പ്രവർത്തിക്കുന്ന കെട്ടിടത്തിൽ സൂക്ഷിച്ചിരിക്കുകയാണ്. യഥാസമയം വിതരണം ചെയ്യാത്തതിനാൽ ഇവ നശിച്ച പോകുന്ന സാഹചര്യമാണ് നിലവിലുള്ളത്.



2018-19 റിപ്പോർട്ടിൽ പരാമർശിച്ചിരിക്കുന്ന അപാകതകൾ പരിഹരിക്കുന്നതിനോ ഉപകരണങ്ങൾ വിതരണം ചെയ്യുന്നതിനോ പഞ്ചായത്തോ ബന്ധപ്പെട്ട ഉദ്യോഗസ്ഥരോ യാതൊരു നടപടികളും സ്വീകരിച്ചിട്ടില്ല. ഈ ഉപകരണങ്ങൾ വിതരണം ചെയ്യാത്തതിന്റെ കാരണം വിശദമാക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നമ്പർ. 16(2019-20)/07.10.2021 – മറുപടി ലഭ്യമാക്കിയിട്ടില്ല.)

## 1-22 ബഡ്സ് സ്കൂൾ - ഫർണിച്ചറും അനുബന്ധ ഉപകരണങ്ങളും - നമ്പർ രേഖപ്പെടുത്തി സ്റ്റോക്കിലെടുത്തില്ല.

| | |
|---|---|
| പ്രൊജക്ട് നമ്പർ | 305/20 & 372/21 (സ്പിൽ ഓവർ)<br>ബഡ്സ് സ്കൂൾ - ഫർണിച്ചറും അനുബന്ധ ഉപകരണങ്ങളും |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |
| ചെലവഴിച്ച തുക | 1,97,880/- രൂപ. + 443439 (സ്പിൽ ഓവർ) |
| ചെക്ക് നമ്പർ / തീയതി - 2019-20 (സംസ്ഥാനാവിഷ്കൃത ഫണ്ട്)) | 119006 തീ.20.04.2019 – 7,49,100/- രൂപ<br>119023 തീ.29.02.2020 – 57,432/- രൂപ |
| ചെക്ക് നമ്പർ / തീയതി - 2020-21 (സംസ്ഥാനാവിഷ്കൃത ഫണ്ട്)) | 3062523 തീ.18.12.2020 – 4,43,439/- രൂപ |

ബഡ്സ് സ്കൂൾ - ഫർണിച്ചറും അനുബന്ധ ഉപകരണങ്ങളും എന്ന പദ്ധതി പ്രകാരം 2019-20 സാമ്പത്തിക വർഷത്തിൽ സിഡ്കോയിൽ നിന്ന് 7,49,100 രൂപയുടെ ഫർണിച്ചറുകളും കെൽട്രോണിൽ നിന്ന് 57,432/- രൂപയുടെ കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങിയിട്ടുണ്ട്. 2020-21 സാമ്പത്തിക വർഷത്തിൽ കെൽട്രോണിൽ നിന്ന് 4,43,439/- രൂപയുടെ ഫിസിയോ തെറാപ്പി ഉപകരണങ്ങളും വാങ്ങിയിട്ടുണ്ട്. സ്ഥാപനത്തിൽ സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ഇവയൊന്നും സ്റ്റോക്കിൽ ചേർത്തിട്ടില്ല. കോവിഡ് മഹാമാരി കാരണം ബഡ്സ് സ്കൂൾ ഇപ്പോൾ പ്രവർത്തിക്കാത്തതിനാൽ ഇവയെല്ലാം സ്ഥാപനത്തിന്റെ അടുക്കളയായി ഉപയോഗിക്കുന്ന റൂമിൽ കൂട്ടിയിട്ടിരിക്കുകയാണ്. വിവിധ പദ്ധതികൾ പ്രകാരം വാങ്ങി വിതരണം ചെയ്യാനവശേഷിക്കുന്ന ഫർണിച്ചറുകളും (വയോജനങ്ങൾക്കുള്ള കട്ടിൽ, പട്ടികവർഗ്ഗ വിഭാഗം വിദ്യാർത്ഥികൾക്കുള്ള മേശയും കസേരയും മുതലായവ) സംഗീതോപകരണങ്ങളുമെല്ലാം ഈ സ്ഥാപനത്തിൽ തന്നെയാണ് സൂക്ഷിച്ചിട്ടുള്ളത്. ഇടക്കാലത്ത് കോവിഡ് കെയർ സെന്ററായും ഈ സ്ഥാപനം ഉപയോഗിച്ചിട്ടുള്ളതിനാൽ ആയതുമായി ബന്ധപ്പെട്ട സാധന സാമഗ്രികളും സ്ഥാപനത്തിൽ അവശേഷിക്കുന്നുണ്ട്. കാലാ കാലങ്ങളിൽ സ്ഥാപനത്തിന് ലഭിക്കുന്ന ഉപകരണങ്ങൾക്കും

ഫർണിച്ചറുകൾക്കും തിരിച്ചറിയൽ അടയാളങ്ങൾ രേഖപ്പെടുത്തിയിട്ടില്ലാത്തതിനാലും കൃത്യമായി നമ്പർ രേഖപ്പെടുത്തി സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കാത്തതിനാലും ഇവയിൽ നിന്നും ബഡ്സ് സ്കൂളിന്റെ ഫർണിച്ചറുകളും ഉപകരണങ്ങളും തിരിച്ചറിയുക സാധ്യവുമല്ല. സാധന സാമഗ്രികൾ അന്യാധീനപ്പെട്ടു പോയാൽ പോലും ശ്രദ്ധയിൽ പെടാത്ത സാഹചര്യമാണ് നിലവിലുള്ളത്. കൃത്യമായി സ്റ്റോക്ക് രജിസ്റ്റർ എഴുതി സൂക്ഷിക്കാത്തതിന്റെയും വാർഷികമായി പോലും സ്റ്റോക്ക് വേരിഫിക്കേഷൻ നടത്താത്തതിന്റേയും കാരണം വിശദമാക്കാൻ ആവശ്യപ്പെട്ട് കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ. 18 (2019-20) / 08.10.2021) അസിസ്റ്റന്റ് സെക്രട്ടറി മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

വാങ്ങിയ എല്ലാ സാധനങ്ങളും ഫർണിച്ചറുകളും സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്തിട്ടുണ്ടെന്നും ആയത് ബഡ്സ് സ്കൂൾ ടീച്ചറിന്റെ കൈവശമാണെന്നും കോവിഡ് മഹാമാരി മൂലം സ്കൂൾ പ്രവർത്തിക്കാത്തതിനാൽ ടീച്ചറിന്റെ കരാർ പഞ്ചായത്ത് നീട്ടി കൊടുത്തിട്ടില്ലാത്തതാണെന്നും അത് കൊണ്ടാണ് സ്റ്റോക്ക് രജിസ്റ്റർ ഹാജരാക്കാൻ സാധിക്കാത്തതുമെന്നുള്ള മറുപടി അംഗീകരിക്കുന്നില്ല. ടീച്ചറെ വിട്ടുതൽ ചെയ്യുമ്പോൾ ചാർജ് കൈമാറി എന്ന് ഉറപ്പ് വരുത്തേണ്ടതായിരുന്നു. ഇത് ഗുരുതര വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു. ഉപകരണങ്ങൾക്കും ഫർണിച്ചറുകൾക്കും നമ്പർ രേഖപ്പെടുത്തിയിട്ടില്ലെന്നും തിരിച്ചറിയൽ അടയാളങ്ങൾ രേഖപ്പെടുത്തി കൃത്യമായി നമ്പർ രേഖപ്പെടുത്തി സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നതിനും വാർഷികമായി സ്റ്റോക്ക് വേരിഫിക്കേഷൻ നടത്തുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുന്നതുമാണ് എന്നും അറിയിച്ചിട്ടുണ്ട്. ഓഡിറ്റ് നിർദ്ദേശം പാലിച്ച് സ്റ്റോക്ക് രജിസ്റ്റർ ഹാജരാക്കുന്നത് വരെ ചെലവ് തുക 197880 രൂപ തടസ്സം ചെയ്യുന്നു.

## 1-23 പൊതു മരാമത്ത് പ്രവൃത്തികൾ - അപാകതകൾ

അസിസ്റ്റന്റ് എഞ്ചിനിയർ 2019-20 ൽനടപ്പാക്കിയ പ്രൊജക്റ്റുകൾ പരിശോധിച്ചതിൽ താഴെ പറയുന്ന കാര്യങ്ങൾ ശ്രദ്ധയിപ്പെട്ടു.

I) പ്രവൃത്തികൾ പൂർണ്ണമായി നടപ്പാക്കുന്നില്ല.

2019-20 വർഷത്തിൽ ഗ്രാമ പഞ്ചായത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി ആകെ 190 പ്രൊജക്റ്റുകളാണ് തയ്യാറാക്കിയത്. ഇതിൽ 85 പ്രൊജക്റ്റുകളിലായി ആകെ 16034396 രൂപയാണ് ചെലവഴിച്ചത്.

| | | | |
|---|---|---|---|
| ആകെ പദ്ധതി | 190 | ആകെ അടങ്കൽ | 50547806 |
| നടപ്പിലാക്കിയത് | 85 | ചെലവ് | 16034396 |
| ശതമാനം | 44.7 | ചെലവ് ശതമാനം | 31.7 |

76 ചതുരശ്ര കിലോമീറ്റർ വിസ്തൃതിയുള്ളതും പട്ടിക വർഗ്ഗ ഊരുകൾ ഉൾപ്പെടുന്നതുമായ ഗ്രാമ പഞ്ചായത്തിൽ അസിസ്റ്റന്റ് എഞ്ചിനീയറും 2 ഓവർസിയറും അടക്കം ആകെ 3 ജീവനക്കാർ മാത്രമാണ് പഞ്ചായത്ത് എഞ്ചിനിയറിംഗ് വിഭാഗത്തിൽ അനുവദിക്കപ്പെട്ടിട്ടുള്ളത്. പഞ്ചായത്തിന്റെയും മറ്റ് സ്ഥാപനങ്ങളുടെയും മരാമത്ത് പ്രവൃത്തികളുടെ നടത്തിപ്പിന് പുറമെ വളരെ വിസ്തൃതമായ പഞ്ചായത്തിലെ കെട്ടിട നിർമ്മാണ പെർമിറ്റ് സംബന്ധമായ പരിശോധനകളും ഈ ജീവനക്കാർ തന്നെ കൈകാര്യം ചെയ്യേണ്ടിവരുന്നത് പദ്ധതി നടത്തിപ്പിനെ ബാധിക്കുന്നുണ്ട് എന്ന് വ്യക്തമാണ്. പരിമിതമായ ജീവനക്കാർ മാത്രമായതും പ്രവൃത്തികളുടെ ബാഹുല്യവും പദ്ധതി നടപ്പിലാക്കുന്നത് വൈകുന്നതിനും, മുഴുവൻ പദ്ധതികളും നടപ്പിലാക്കാൻ കഴിയാതിരുന്നതിനും കാരണമായി.

II-റോഡ് കണക്റ്റിവിറ്റി മാപ്പും പ്ലാനും തയ്യാറാക്കിയിട്ടില്ല.

പഞ്ചായത്തിന്റെ റോഡ് കണക്ടിവിറ്റി മാപ്പ്, റോഡ് കണക്ടിവിറ്റി പ്ലാൻ എന്നിവ തയ്യാറാക്കണമെന്ന് പദ്ധതി മാർഗ്ഗരേഖയിൽ നിർദേശിച്ചതാണ്. എന്നാൽ ഈ രേഖകൾ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

III-ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കിയിട്ടില്ല.

പഞ്ചായത്തിന്റെ ഉടമസ്ഥതയിലും മേൽനോട്ടത്തിലും നിയന്ത്രണത്തിലുമുള്ള റോഡ്. റോഡ് ഇതര ആസ്തികളുടെ സംരക്ഷണത്തിന് ഒരു ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കാൻ പദ്ധതി മാർഗ്ഗരേഖയിൽ നിർദ്ദേശിച്ചിട്ടുണ്ട്. പഞ്ചായത്തിന്റെനിയന്ത്രണത്തിലുള്ള ആസ്തികളുടെ സമഗ്ര വികസനമാണ് ഇതു കൊണ്ട് ഉദ്ദേശിക്കുന്നത്.

പഞ്ചായത്തിന്റെ പദ്ധതി പരിശോധിച്ചതിൽ സർക്കാർ നിർദ്ദേശിക്കും പ്രകാരമുള്ള ആസ്തി സംരക്ഷണ പദ്ധതി പഞ്ചായത്ത് തയ്യാറാക്കിയിട്ടില്ല എന്ന് വ്യക്തമായി.

IV)ചെയിനേജ് രേഖപ്പെടുത്താതെ റോഡ് പ്രവൃത്തികൾ നടത്തുന്നു.

2019-20 വർഷത്തിൽ പഞ്ചായത്തിൽ വളരെയധികം റോഡ് പ്രവൃത്തികൾ നടത്തിയിട്ടുണ്ടെങ്കിലും ഒരു പ്രവൃത്തിയിലും പ്രവൃത്തിനടത്തുന്ന റോഡിന്റെ ചെയിനേജ് രേഖപ്പെടുത്തിയിട്ടില്ല.

മേൽ പരാമർശിച്ച പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-24 പി.ഡബ്ല്യൂ.ഡി മാന്വൽ നിർദേശങ്ങൾ പാലിക്കുന്നില്ല.

ഗ്രാമപഞ്ചായത്തുകളിൽ പൊതുമരാമത്ത് പ്രവൃത്തികൾ നടപ്പാക്കുന്നത് 1997 ലെ കേരള പഞ്ചായത്ത് രാജ് (പൊതു മരാമത്ത് പണികളുടെ നടത്തിപ്പ് ) ചട്ടങ്ങൾ അടിസ്ഥാനമാക്കിയാണ്. ഈ ചട്ടങ്ങളിൽ മറ്റുവിധത്തിൽ വ്യക്തമായി പറഞ്ഞിട്ടുള്ള സംഗതികൾ ഒഴികെ മറ്റ സംഗതികളിൽ പൊതുമരാമത്ത് വകുപ്പിൽ തൽസമയം അനുവർത്തിച്ചുവരുന്ന നടപടിക്രമം പാലിക്കേണ്ടതാണ് എന്ന് ചട്ടം 18 ൽ വ്യക്തമാക്കിയിട്ടുണ്ട്.

പൊതു മരാമത്ത് വകുപ്പിൽ നിലവിൽ 2012 ലെ പൊതു മരാമത്ത് മാന്വൽ അടിസ്ഥാനമാക്കിയാണ് ഇത്തരം കാര്യങ്ങളിൽ തീരുമാനം എടുക്കുന്നത്. എന്നാൽ കാലാവധി ദീർഘീകരണം നിശ്ചിത സമയത്തിനകം പൂർത്തീകരിക്കാത്ത പ്രവൃത്തികൾക്ക് പിഴ ചുമത്തൽ എന്നിവയിൽ പൊതുമരാമത്ത് മാന്വലിലെ നിർദേശങ്ങൾ പഞ്ചായത്തിൽ പാലിക്കുന്നില്ല എന്ന് കാണുന്നു.

<u>പ്രവൃത്തി പൂർത്തീകരണ കാലയളവ്</u>

പൊതുമരാമത്ത് മാന്വൽ പ്രകാരം മരാമത്തിന്റെ പൂർത്തീകരണ കാലാവധി ശാസ്ത്രീയ മാനദണ്ഡങ്ങൾ ഉപയോഗിച്ച് ശരിയായി വിശകലനം ചെയ്ത് Tender Schedule ൽ വ്യക്തമാക്കണം. കാലാവസ്ഥാ വ്യതിയാനം, പ്രവൃത്തിയുടെ മൂല്യം, നിർമ്മാണ സാമഗ്രികൾ സംഭരിക്കാനാവശ്യമായ സമയം ,വിവധ ഇനങ്ങൾക്ക് ആവശ്യമായ സമയ ക്രമം (Curing Etc), മറ്റെല്ലാ ഘടകങ്ങളും സമയ പരിധി നിശ്ചയിക്കുന്നതിന് പരിഗണിക്കേണ്ടതാണ്. പൂർത്തീകരണ കാലാവധി സൈറ്റ് കൈമാറുന്ന തിയതി മുതൽക്കാണ് കണക്കാക്കുന്നത് (കേരള പൊതുമരാമത്ത് മാന്വൽ 2012 Section 2005)

എന്നാൽ പല പ്രവൃത്തികളിലും പ്രവൃത്തി പൂർത്തീകരണ കാലയളവ് നിശ്ചയിക്കുന്നതിൽ മേൽ നിർദേശങ്ങൾ പാലിക്കുന്നതായി കാണുന്നില്ല. റോഡ് കോൺക്രീറ്റ് പ്രവൃത്തികൾക്ക് ഉൾപ്പെടെ 10 മാസംവരെ പ്രവൃത്തി പൂർത്തീകരണ കാലയളവ് നൽകിയിരിക്കുന്നു. ഇത്തരത്തിൽ വളരെ ദീർഘമായ പ്രവൃത്തി പൂർത്തീകരണ കാലയളവ് അനുവദിച്ചു നൽകുന്നത്മൂലം പ്രവൃത്തികൾ നിശ്ചിത സാമ്പത്തിക വർഷം പൂർത്തീകരിക്കാതെ അടുത്ത വർഷത്തേക്ക് നീളുന്നതിനും ഇതുവഴി പഞ്ചായത്തിന് ഫണ്ട് ലാപ്സ് ആകുന്നതിനും ഇടവരുത്തുന്നു.

<u>പ്രവൃത്തി പൂർത്തീകരണ സമയം കരാറിൽ വ്യക്തമാക്കുന്നില്ല.</u>

ടെണ്ടർ ഷെഡ്യൂളിൽ പരാമർശിച്ച അംഗീകരിച്ച പ്രവൃത്തിപൂർത്തീകരണ കാലയളവ് എത്ര എന്നും പ്രവൃത്തി വൈകിയാൽ ഏത് നിരക്കിൽ പിഴ ഈടാക്കും എന്നതും കരാറുകാരുമായുള്ള ഉടമ്പടിയിൽ വ്യക്തമാക്കേണ്ടതാണ്. എന്നാൽ നിലവിൽ കരാറിൽ പ്രവൃത്തി പൂർത്തീകരണ കാലയളവ് എത്രയാണ് എന്ന് വ്യക്തമാക്കുന്നില്ല.

തുടർന്നുള്ള വർഷങ്ങളിൽ മരാമത്ത് പ്രവൃത്തികളിൽ മേൽ പറയുന്ന കാര്യങ്ങൾ കൂടി പാലിച്ച് നടപ്പാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-25 നിർമാണ തൊഴിലാളി ക്ഷേമനിധി വിഹിതം - കളക്ഷൻ ചാർജ്ജ് കുറവ് ചെയ്തിട്ടില്ല.

മരാമത്ത് പ്രവൃത്തികളിൽ ആകെ മൂല്യ നിർണ്ണയ തുകയുടെ ഒരു ശതമാനം തുക പ്രവൃത്തിയുടെ ബില്ലിൽ നിന്നും ഈടാക്കി കേരള നിർമാണ തൊഴിലാളി ക്ഷേമനിധിയിലേക്ക് അടവാക്കിവരുന്നുണ്ട്. 1996 ലെ ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫയർ സെസ്സ് ആക്ട് സെക്ഷൻ 3-3 പ്രകാരം ഇപ്രകാരം വസൂലാക്കി നൽകുന്ന തുകയുടെ ഒരു ശതമാനം കളക്ഷൻ ചാർജ്ജ് ഇനത്തിൽ പഞ്ചായത്തിന് ഈടാക്കാവുന്നതാണ്.

എന്നാൽ ഈ ഇനത്തിൽ പഞ്ചായത്ത് തുകയൊന്നും ഈടാക്കിയിട്ടില്ല. പഞ്ചായത്തിന് ലഭിക്കാൻ അർഹതയുള്ള കളക്ഷൻ ചാർജ്ജ് ഈടാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 1-26 ടെണ്ടർ തുറക്കൽ - ചട്ടത്തിലെ നിർദ്ദേശങ്ങൾ പാലിക്കുന്നില്ല.

ഗ്രാമപഞ്ചയാത്തുകളിൽ പൊതുമരാമത്ത് പ്രവൃത്തികൾ നടത്തേണ്ടത് കേരള പഞ്ചായത്ത് രാജ് (പൊതു മരാമത്ത് പണികളുടെ നടത്തിപ്പ് ) ചട്ടങ്ങൾ അടിസ്ഥാനമാക്കിയാണ്. മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ സ്വീകരിക്കുന്ന നടപടി ക്രമങ്ങൾ ഈ ചട്ടങ്ങളിലെ ചട്ടം 10 ൽ വ്യക്തമായി പരാമർശിക്കുന്നുണ്ട്.

ടെണ്ടർ തുറക്കുമ്പോൾ ടെണ്ടർ സ്വീകരിക്കുന്ന ഉദ്യോഗസ്ഥൻ സ്വീകരിക്കേണ്ട നടപടികൾ താഴെ പറയും പ്രകാരം ചട്ടത്തിൽ വ്യക്തമാക്കുന്നുണ്ട്.

* ഓരോ ടെണ്ടറിലും അത് നൽകിയ ആൾ വരുത്തിയിട്ടുള്ളതും സാക്ഷ്യപ്പെടുത്തിയിട്ടുള്ളതുമായ തിരുത്തലുകൾ ഉണ്ടെങ്കിൽ അവക്കുനേരെ ടെണ്ടർ തുറക്കുന്ന ഉദ്യോഗസ്ഥൻ ക്രമനമ്പർ രേഖപ്പെടുത്തി ചുരുക്കൊപ്പ് വയ്ക്കേണ്ടതാണ്. സാക്ഷ്യപ്പെടുത്താത്ത തിരുത്തലുകൾ ഉണ്ടെങ്കിൽ ആ തിരുത്തലുകളെപ്പറ്റി ടെണ്ടറിൽ രേഖപ്പെടുത്തേണ്ടതാണ്. [ചട്ടം 10 (7) ]

* ടെണ്ടർ തുറക്കുന്നയാൾ ടെണ്ടറിൽ സ്വന്തം കൈപ്പടയിൽ കരാറുകാരൻ രേഖപ്പെടുത്തിയിട്ടുള്ള ടെണ്ടർ നിരക്കിന്റെ ശതമാനം അക്കത്തിലും അക്ഷരത്തിലും രേഖപ്പെടുത്തി കയ്യൊപ്പ് വയ്ക്കേണ്ടതാണ് [ ചട്ടം 10(8) ]

പഞ്ചായത്തിൽ തൻവർഷം മാന്വൽ ടെണ്ടർ ചെയ്യപ്രവൃത്തികളിലൊന്നും തന്നെ ഈ നിർദ്ദേശംപാലിച്ചിട്ടില്ല.

ടെണ്ടർ നടപടികളിലെ മേൽ അപാകതകൾ ആവർത്തിക്കാതിരിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-27 കിണറിന് നെറ്റ് - അധികം നൽകിയ തുക തിരിച്ചടച്ചു.

2019-20 വർഷത്തിൽ പഞ്ചായത്തിൽ നടപ്പാക്കിയ കുനിമ്മൽ എസ്.സി കോളനി കിണർ റിപ്പയർ (266/20) എന്ന പ്രവൃത്തിയിൽ കിണറിന് നെറ്റ് സ്ഥാപിക്കുന്ന പ്രവൃത്തക്ക് അർഹമായ നിരക്കിന് പകരം ഉയർന്ന നിരക്കുള്ള പ്രവൃത്തി അനുവദിച്ചത് വഴി അധികം ചെലവായ ₹ 3741 ഓഡിറ്റ് എൻക്വയറിയെത്തുടർന്ന് ഗ്രാമപ്പഞ്ചായത്തിൽ തിരിച്ചടവാക്കി. ( രസീത് നം 121040101862/ 07.10.2021 )

എസ്.സി.പി ഫണ്ടിൽ നിന്ന് അധികം നൽകിയ തുകയുടെ തിരിച്ചടവായതിനാൽ ഈ തുക പഞ്ചായത്ത് ഫണ്ടിൽ നിന്ന് പിൻവലിച്ച് സർക്കാറിലേക്ക് ഒടുക്കുവരുത്തി വിവരം അറിയിക്കേണ്ടതാണ്.

## 1-28 കമ്പ്യൂട്ടർ സപ്ലൈ ചെയ്തിട്ടില്ല.

2019-20 വർഷത്തിൽ ഐ.സി.ഡി എസ് സൂപ്പർവൈസർ നടപ്പാക്കിയ ICDS ഓഫീസിന് കമ്പ്യൂട്ടർ& പ്രിന്റർ ( 393/21) എന്ന പ്രൊജക്ട് പ്രകാരം ICDS ഓഫീസിന് കമ്പ്യൂട്ടർ& പ്രിന്റർ എന്നിവ സപ്ലൈ ചെയ്യുന്നതിന് ₹ 47601 കേരള സംസ്ഥാന ഐ.ടി മിഷന് നൽകിയിട്ടുണ്ട്. ( Vr No 21901042/30.03.2020 -₹ 5601 (Own Fund) , Bill No 1915095202340137993б/29.02.2020 -₹ 42000 (MG (NR))

നാളിതുവരെ ഈ ഉപകരണങ്ങൾ പഞ്ചായത്തിൽസപ്ലൈ ചെയ്തിട്ടില്ല. ഉപകരണങ്ങൾ ലഭ്യമാക്കുന്നതിന് തുടർ നടപടികൾ സ്വീകരിക്കുന്നതാണ് എന്ന് ഇതു സംബന്ധിച്ച് നൽകിയ ഓഡിററ് എൻക്വയറിക്ക് (10/2019-20 Dt 06.10.21) നിർവഹണോദ്യോഗസ്ഥ മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ഉപകരണങ്ങൾ ലഭ്യമാക്കി വിവരം അറിയിക്കേണ്ടതാണ്. അതുവരെ ഈ ഇനത്തിലെ ചെലവ് തടസ്സം ചെയ്യുന്നു.

# ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

# ഭാഗം -3

## 3-1 പട്ടികജാതി കുടുംബങ്ങൾക്ക് വാട്ടർ ടാങ്ക് വാങ്ങി നൽകൽ - പ്ലാൻ ഫണ്ടിൽ നിന്നും 22500/- രൂപ അധികം ചെലവഴിച്ചു.

| | |
|---|---|
| പ്രൊജക്ട് നമ്പർ | 33/20 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |
| ചെലവഴിച്ച തുക | 372750/- |
| ബിൽ നമ്പർ / തീയതി (വികസന ഫണ്ട്-എസ്.സി.പി) | 12/2019-20 തീ.23.03.2020 - 90,000/- രൂപ |
| | 15/2019-20 തീ.31.03.2020 - 49,500/- രൂപ |
| | 16/2019-20 തീ.31.03.2020 - 49,500/- രൂപ |
| | 21/2019-20 തീ.31.03.2020 - 49,500/- രൂപ |

| | |
|---|---|
| | 22/2019-20 തീ.31.03.2020 – 49,500/- രൂപ |
| ചെക്ക് നമ്പർ / തീയതി (ഗുണഭോക്തൃ വിഹിതം) | 1132 / 24.03.2020 – 84,750/- രൂപ |

ഊർങ്ങാട്ടിരി ഗ്രാമപഞ്ചായത്തിൽ 2019-20 സാമ്പത്തിക വർഷത്തിൽ അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പട്ടികജാതി കുടുംബങ്ങൾക്ക് വാട്ടർ ടാങ്ക് വാങ്ങി നൽകൽ എന്ന പദ്ധതി പ്രകാരം ആകെ 118 പട്ടികജാതി കുടുംബങ്ങൾക്ക് 500 ലിറ്റർ സംഭരണ ശേഷിയുള്ള വാട്ടർ ടാങ്ക് വാങ്ങി നൽകിയിട്ടുണ്ട്. ടാങ്കൊന്നിന് 3,000/- രൂപ നിരക്കിൽ പി.ജി.എന്റർപ്രൈസസ്, തണ്ടുകോട്, വെള്ളയൂർ.പി.ഒ എന്ന സ്ഥാപനത്തിൽ നിന്നാണ് ടാങ്കുകൾ വാങ്ങിയിട്ടുള്ളത്. 2250/- രൂപ പ്ലാൻ ഫണ്ടിൽ നിന്നും 750/- രൂപ ഗുണഭോക്തൃ വിഹിതവും ഈടാക്കിയാണ് പദ്ധതി നടപ്പിലാക്കേണ്ടിയിരുന്നത്.

എന്നാൽ ഈ പദ്ധതികളുടെ നിർവ്വഹണത്തിൽ സംഭവിച്ചിട്ടുള്ള അപാകതകൾ ചുവടെ ചേർക്കുന്നു.

<u>എ). ഗുണഭോക്തൃ വിഹിതം - ഈടാക്കിയതിൽ കുറവ്.</u>

118 പട്ടികജാതി കുടുംബങ്ങൾക്കാണ് ഈ പദ്ധതി പ്രകാരം വാട്ടർ ടാങ്ക് വാങ്ങി നൽകിയിട്ടുള്ളത്. എന്നാൽ 113 ഗുണഭോക്താക്കൾ മാത്രമാണ് ഗുണഭോക്തൃ വിഹിതം അടവാക്കിയിട്ടുള്ളത്. 5 ഗുണഭോക്താക്കൾ ഗുണഭോക്തൃ വിഹിതം അടവാക്കാത്തതിനാൽ 3,750/- രൂപ (5 X 750 = 3750) കുറവ് വന്നിട്ടുണ്ട്.

<u>ബി). ഗുണഭോക്തൃ വിഹിതം ഉൾപ്പെടെയുള്ള തുക പ്ലാൻ ഫണ്ടിൽ നിന്ന് നൽകി – 22,500/- രൂപ നഷ്ടം.</u>

ഇൻവോയിസ് നമ്പർ.9/22.01.2020 പ്രകാരം 2460/- രൂപ നിരക്കിൽ 30 വാട്ടർ ടാങ്കുകൾ വാങ്ങിയിട്ടുണ്ട്. എന്നാൽ 25% ഗുണഭോക്തൃവിഹിതം കുറവ് ചെയ്യാതെ തുക പൂർണ്ണമായും ബിൽ നമ്പർ.12/2019-20 തീ.23.03.2020 പ്രകാരം പ്ലാൻ ഫണ്ടിൽ നിന്നാണ് നൽകിയിട്ടുള്ളത്.

ഈ അപാകതകൾ കാരണം താഴെ പറയുന്ന പ്രകാരം പദ്ധതി വിഹിതം നഷ്ടമായിട്ടുണ്ട്. വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

| ഇൻവോയിസ് നമ്പർ/തീയതി | തുക | അനുവദിക്കേണ്ട തുക | | അനുവദിച്ച തുക | | അധികമായി അനുവദിച്ചത് | |
|---|---|---|---|---|---|---|---|
| | | പദ്ധതി വിഹിതം | ഗുണഭോക്തൃ വിഹിതം | പദ്ധതി വിഹിതം | ഗുണഭോക്തൃ വിഹിതം | പദ്ധതി വിഹിതം | ഗുണഭോക്തൃ വിഹിതം |
| 9/22.01.2020 | 90000 | 67500 | 22500 | 90000 | 84750 (വൗച്ചർ നമ്പർ. 21901033 /24.03.2020) | 22500 | (-) 3750 |
| 39/27.06.2019 | 66000 | 49500 | 16500 | 49500 | | 0 | |
| 40/14.03.2020 | 66000 | 49500 | 16500 | 49500 | | 0 | |
| 43/18.03.2020 | 66000 | 49500 | 16500 | 49500 | | 0 | |
| 44/18.03.2020 | 66000 | 49500 | 16500 | 49500 | | 0 | |
| ആകെ | 354000 | 265500 | 88500 | 288000 | 84750 | 22500 | (-) 3750 |

പദ്ധതി വിഹിതത്തിൽ നിന്ന് 22,500/- രൂപ അധികം ചെലവഴിച്ചിട്ടുണ്ട്. 5 ഗുണഭോക്താക്കളിൽ നിന്ന് ഗുണഭോക്തൃ വിഹിതം വാങ്ങാത്തതിനാൽ ഗുണഭോക്തൃ വിഹിതമിനത്തിൽ 84,750/- രൂപയാണ് സ്ഥാപനത്തിന് നൽകിയിട്ടുള്ളത്. നഷ്ടത്തുകയായ 22,500/- രൂപ നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയായി കണക്കാക്കാതിരിക്കാൻ കാരണം ആവശ്യപ്പെട്ട് കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. നഷ്ടതുക ഉത്തരവാദിയായ അസിസ്റ്റന്റ് സെക്രട്ടറിയിൽ നിന്നും ഈടാക്കേണ്ടതാണ്.

<u>സി). ജി.എസ്.ടി യുടെ ടി.ഡി.എസ് ഈടാക്കിയില്ല.</u>

13.09.2018 ലെ 50/18 നോട്ടിഫിക്കേഷൻ പ്രകാരം 01.10.2018 മുതൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വാങ്ങലുകളിൽ 2 ശതമാനം ജി.എസ്.ടി യുടെ TDS (1% CGST + 1% SGST) കുറവ് ചെയ്യേണ്ടതാണ്. എന്നാൽ ഈ പദ്ധതയിൽ ജി.എസ്.ടി ഉൾപ്പെടെയുള്ള തുക സ്ഥാപനത്തിന് നൽകിയിട്ടുണ്ടെങ്കിലും TDS ഈടാക്കി അടവാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ബിൽ നമ്പർ/ തിയ്യതി | ഇൻവോയിസ് നമ്പർ / തിയ്യതി | ടാങ്കുകളുടെ വില | ഇൻവോയിസിൽ രേഖപ്പെടുത്തിയ ജി.എസ്.ടി (18%) | ആകെ |
|---|---|---|---|---|---|
| 1 | 12/2019-20/ തി. | 9/22.01.2020 | 73800 | 16200 | 90000 |

| | | | | | |
|---|---|---|---|---|---|
| | 23.03.2020 | | | | |
| 2 | 15/2019-20 തി. 31.03.2020 | 39/27.06.2019 | 55932 | 10068 | 66000 |
| 3 | 16/2019-20 തി. 31.03.2020 | 40/14.03.2020 | 55932 | 10068 | 66000 |
| 4 | 21/2019-20 തി. 31.03.2020 | 43/18.03.2020 | 55932 | 10068 | 66000 |
| 5 | 22/2019-20 തി. 31.03.2020 | 44/18.03.2020 | 55932 | 10068 | 66000 |
| ആകെ | | | 297528 | 56472 | 354000 |

അപാകതയുടെ കാരണം വിശദമാക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നമ്പർ. 01(2019-20) / 27.09.2021 – മറുപടി ലഭ്യമാക്കിയിട്ടില്ല.)

## ഭാഗം -4

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ /തീയതി |
|---|---|---|
| 2019-20 | 04.10.2021- 05.10.2021 | ഈ റിപ്പോർട്ടിന്റെ ഭാഗമാക്കി. |

### 4-2 സംയുക്ത പ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം.

| വിഹിതം നല്കിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതി പേര്,നം | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 620403 (മുൻവർഷ നീക്കിയിരിപ്പ്) | ലൈഫ് മിഷൻ ഭവന പദ്ധതി ( 300/20) | 210000 | 410403 |
| | 465000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് വിതരണം ( 85/20) | 465000 | 0 |
| ജില്ലാ പഞ്ചായത്ത് | 605250 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് വിതരണം ( 85/20) | 605250 | 0 |
| | 500000 | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി ( 85/20) | 500000 | 0 |

### 4-3 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ .

ഇല്ല.

### 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ.

ഇല്ല.

### 4-5 വായ്പ /വായ്പ തിരിച്ചടവ്.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |

| | | | | | | |
|---|---|---|---|---|---|---|
| | | | | | | ബാക്കിയുള്ള തുക |
| ലൈഫ് ഭവന പദ്ധതി | GO(MS)68/2018/LSGD/ 18.05.18 | 6171307 | 0 | 588236 | 0 | 5583071 |

## 4-6 സ്ഥിര നിക്ഷേപങ്ങൾ.

ഇല്ല.

## 4-7 ഓഡിറ്റ് റിക്കവറി.

AFS പ്രകാരം ഈയിനത്തിൽ തൻവർഷം ലഭിച്ച 1315/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2006-07 | 2(2) | 1315 | ശ്രീ.വി.എം.സഹീർ, സെക്രട്ടറി | 119040105525/ 27.02.2020 |

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1998-99 | 35(4),47 | 2004-05 | --- | സഹകരണ സംഘങ്ങൾക്ക് ധനസഹായം. | -- |
| 2014-15 | 2(2),2(3),2(4), | 2016-17 | --- | --- | --- |
| 2015-16 | 2(8),2(9),2(10), 2(11),2(12) | 2016-17 | --- | --- | --- |

## 4-9 ചാർജ് സർചാർജ് നടപടികളുടെ വിവരം.

എ) ചാർജ്ജ് നടപടി വഴി ഈടാക്കിയ/ഈടാക്കാനവശേഷിക്കുന്ന തുക

ഇല്ല

ബി) സർചാർജ്ജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

സർചാർജ്ജ് നടപടി വഴി ഈടാക്കാനവശേഷിക്കുന്ന തുക

| ക്രമ നമ്പർ | റിപ്പോർട്ട് വർഷം | ഖണ്ഡിക നമ്പർ | ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ്. | ചാർജ്ജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക(രസീത് നമ്പർ, തിയ്യതി) | റവന്യൂ റിക്കവറിയിലൂടെ ഈടാക്കിയ തുക,രസീത് | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭ്യമായ തുക | അവശേഷിക്കുന്ന തുക |
|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പറും തിയ്യതിയും | തുക | | | ഉൾപ്പെട്ട തുക | ഈടാക്കിയ തുക | | |
| 1 | 1999-00 | 24,25(1),(2) | ശ്രീ.വേലായുധൻ, ജൂനിയർ സൂപ്രണ്ട്, തദ്ദേശ സ്വയംഭരണ വകുപ്പ് | LF4256/ Spl.Cell(SC5) /06/19.05.08 | 13700/- | -- | -- | -- | -- | -- | 13700/- |

## 4-10 ഓഡിറ്റ് പ്രത്യവലോകനം.

(എ). സംക്ഷിപ്ത വിവരം.

| | |
|---|---|
| ഓഡിറ്റ് വർഷത്തെ വരവ് | 128890294 |

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ചെലവ് | 129181187 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 22500 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 346481 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം.

ഇല്ല.

(സി). ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക.

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-22 | 197880 | ശ്രീ. രതീഷ്കുമാർ.കെ, അസിസ്റ്റന്റ് സെക്രട്ടറി |
| 1-28 | 47601 | ശ്രീമതി. മഹീദ.പി, ICDS സൂപ്പർവൈസർ |
| 1-14 | 52000 | ശ്രീമതി. ജോളി ജോസഫ്, ഹെഡ് മാസ്റ്റർ |
| 1-15 | 49000 | ശ്രീമതി. ജോളി ജോസഫ്, ഹെഡ് മാസ്റ്റർ |
| ആകെ | 346481 | |

(ഡി). കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം.

ഇല്ല.

(ഇ). നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ.

ഇല്ല.

(എഫ്). റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും.

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും | സ്ഥിരം മേൽവിലാസം |
|---|---|---|---|
| 3-1 | 22500 | ശ്രീ. രതീഷ്കുമാർ.കെ,<br>അസിസ്റ്റന്റ് സെക്രട്ടറി | സതീഷ് ഭവനം, കാണ്ടല്ലൂർ നോർത്ത്,<br>പട്ടോളി മാർക്കറ്റ്.പി.ഒ,<br>ആലപ്പുഴ – 690531 |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ.

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1984-85 | എൽ.എഫ്.എം.9/997/07 തി.28.1.1993 | 1 | |
| 1985-86 | കെ..എസ്. എ.എം.പി.എം.6 /1594/2019 തി.12.08.2020 | 1 | |
| 1988-89,<br>1989-90<br>1990-91 | കെ.എസ്.എ.എം.പി.എം.6/ 3044/2016 തി.21.11.2018 | 2 | |
| 1991-92 | കെ.എസ്.എ.എം.പി.എം.6/ 1594/2019 തി.12.08.2020 | 4 | |
| 1994-95 | എൽ.എഫ്.എം.9/194/05 തി.4.6.2005 | 8 | |
| 1995-96 | എൽ .എഫ്.എം.9/ 193/05 തി.4.06.2005 | 7 | |
| 1996-97 | എൽഎഫ്.എം.6/3044/2016 തി.21.11.2018 | 12 | |
| 1997-98 | കെ.എസ്.എ.എം.പി.എം.19/2796/2015 തി.28.02.2016 | 5 | |
| 1998-99 | കെ.എസ്.എ.എം.പി.എം.6/1594/2019 തി.12.08.2020 | 17 | |

| | | | |
|---|---|---|---|
| 1999-00 | കെ.എസ്.എ.എം.പി.എം.6/1594/2019 തി.12.08.2020 | 14 | |
| 2000-01 2001-02 | കെ.എസ്.എ.എം.പി.എം.6/1594/2019 തി.12.08.2020 | 19 | |
| 2003-04 | കെ.എസ്.എ.എം.പി.എം.6/2487/19 തി.12.10.2020 | 2 | |
| 2004-05 | കെ.എസ്.എ.എം.പി.എം.6/2487/19 തി.12.10.2020 | 4 | |
| 2005-06 | കെ.എസ്.എ.എം.പി.എം.6/2487/19 തി.12.10.2020 | 2 | |
| 2006-07 | കെ.എസ്.എ.എം.പി.എം.6/2487/19 തി.12.10.2020 | 14 | |
| 2007-08 | കെ.എസ്.എ.എം.പി.എം.6/2487/19 തി.12.10.2020 | 15 | |
| 2008-09 | കെ.എസ്.എ.എം.പി.എം.6/2487/19 തി.12.10.2020 | 9 | |
| 2009-10 | കെ.എസ്.എ.എം.പി.എം.6/2487/19 തി.12.10.2020 | 10 | |
| 2010-11 | കെ.എസ്.എ.എം.പി.എം.6/2487/19 തി.12.10.2020 | 8 | |
| 2011-12, 2012-13 | കെ.എസ്.എ.എം.പി.എം.6/ 2646/2018 തി.06.12.2018 | 9 | |
| 2013-14, 2014-15 | കെ..എസ്.എ.എം.പി.എം.6/483/2016 തി:23.2.2018 | 19 | |
| 2015-16 | കെ..എസ്.എ.എം.പി.എം.6 /2736/2017 തി:31.03.2018 | 20 | |
| 2016-17 | കെ..എസ്.എ.എം.പി.എം.6/2170/2017 തി:09.07.2018 | 17 | |
| 2017-18 | കെ..എസ്.എ.എം.പി.എം.6/13/2019 തീ: 23-05-19 | 20 | |
| 2018-19 | കെ..എസ്.എ.എം.പി.എം.6/17/2020 തീ: 30.06.2020 | 14 | |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം.

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ മലപ്പുറം ജില്ലയിലെ ഊർങ്ങാട്ടിരി ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2
## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

മലപ്പുറം ജില്ലയിലെ ഊർങ്ങാട്ടിരി ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്